# KSSiA NEWS

വ്യവസായ മാസിക

www.kssia.com

kssianews@gmail.com

e-magazine

JOURNAL OF THE KERALA STATE SMALL INDUSTRIES ASSOCIATION. JANUARY 2025. ₹5.00

VOL. 09 - ISSUE NO. 07 - DATE OF PUBLICATION 25TH JANUARY, 2025 - REGN. NO. KERBIL/2005/23143 - TOTAL PAGES: 24


## സംരംഭത്തിന്റെ വിജയം ജീവനക്കാരെ ആശ്രയിച്ചിരിക്കുന്നു. ജീവനക്കാരുമായി ബന്ധപ്പെടുന്നതും അറിയുന്നതും വളരെ പ്രധാനമാണ്.



FREEPIK

Government of Kerala

KSIDC

INVEST KERALA
GLOBAL SUMMIT
FEB 21-22, 2025 | KOCHI

# Kerala Automotive Technology Summit 2025



***Driving the Future of Mobility***

*February 6, 2025*
*Hyatt Regency, Trivandrum*

*Join Industry Leaders, Innovators, and Policymakers*

**THE KERALA STATE SMALL INDUSTRIES ASSOCIATION**
Building No. X/26A, HMT Industrial Estate,
Kalamassery - 683 503. ✆ 94963 60300
kssiastate@gmail.com, www.kssia.com

**STATE OFFICE BEARERS**

**State President**
A. Nizarudeen
Kollam. ✆ 94477 10078
✉ nazwoodind@gmail.com

**General Secretary**
Joseph Paikada
Kannur. ✆ 94972 24422
✉ josephpaikada@gmail.com

**State Vice Presidents**
P. J. Jose
Cochin. ✆ 98460 53553
✉ info@manoramasalescorporation.com

A. Fasiludeen
Trivandrum. ✆ 94007 04000
✉ fthoppil@yahoo.com

A.V. Sunilnath
Kozhikode. ✆ 93497 44145
✉ sunilnath@walkaroogroup.com

**State Treasurer**
Jayakrishnan B.
Idukki. ✆ 94475 30569
✉ jayakrishnantoyo@yahoo.co.in

**State Joint Secretaries**
M.S. Anaz
Alappuzha. ✆ 98470 42743

M.M. Mujeeb Rahiman
Ernakulam. ✆ 94477 36134

Anvar.K.V.
Malappuram. ✆ 93499 35511

**Editorial Board**

**Chief Editor**
S. Salim
Kollam, ✆ 93873 05751
✉ md@unicornplywoods.com

**Members**
A. Nizarudeen ..... ✆ 94477 10078
Joseph Paikada..... ✆ 94972 24422
Rajesh. G ........... ✆ 98957 03837
Thomas Mathew.. ✆ 80756 59942
Eshaque K.......... ✆ 98470 08185

**Printer & Publisher**
K.P. Ramachandran Nair
✆ 94470 17899

**Printing, Cover Design & Layout**
Rajsree Industrial Printer,
Edayar. ✆ 0484-2559701, 2558538

## ഉള്ളടക്കം


- **എഡിറ്റോറിയൽ:** സംഘടന - വളർച്ചയുടെ ശക്തി .............03
- **പ്രസിഡൻഷ്യൽ റിപ്പോർട്ട്:** മിഷൻ 1000 പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള മാനദണ്ഡം ലഘൂകരിക്കണം .......05
- **വോയിസ് ഓഫ് ജനറൽ സെക്രട്ടറി:** ഉദ്യോഗസ്ഥർ അനാവശ്യമായി ഫാക്ടറികൾ സന്ദർശിച്ച് വ്യവസായ മേഖലയിൽ ഒരു ഭീതി പടർത്തരുത്. .......07
- **ജി.എസ്.ടി.** ചോദ്യോത്തര പംക്തി: .......08
- **ലോകത്തെ ക്ഷണിച്ച് കേരളം** .............12
- **വിഴിഞ്ഞം കോൺക്ലേവ് 2025** ആഗോള നിക്ഷേപങ്ങൾക്കായി തുറമുഖം മിഴിതുറക്കുന്നു .....................16
- **നെയിം:** പ്രവാസികൾക്ക് ജോലി നൽകിയാൽ ശമ്പളം സർക്കാർ നൽകും.......... 19


KSSiA NEWS
വ്യവസായ മാസിക
www.kssia.com
kssianews@gmail.com e-magazine
Journal of THE KERALA STATE SMALL INDUSTRIES ASSOCIATION - JANUARY 2025 - ₹5.00

## എഡിറ്റോറിയൽ

# സംഘടന വളർച്ചയുടെ ശക്തി



സംഘടനകൊണ്ട് ശക്തരാവുക എന്നത് കേരളത്തിലെ പഴകി പതിഞ്ഞൊരു മുദ്രാവാക്യമാണ്. പക്ഷേ ഇന്ന് അത് സർവ്വവിധ പ്രവർത്തികളെയും ത്വരിതപ്പെടുത്തുകയും സ്ഥിതിഗതികളെ മാറ്റിമറിക്കുകയും ചെയ്യുന്ന ഒരു ശക്തിയായി മാറിയിരിക്കുകയാണ്. സംഘടനകളുടെ ശബ്ദം സർക്കാർ പോലും ശ്രദ്ധയോടെ കേൾക്കുകയും ഗൗരവമായി എടുക്കുകയും ചെയ്യുന്ന കാലമാണിത്. നമുക്ക് നമ്മുടെ സംഘടനയുടെ ആവശ്യകതയും പ്രാധാന്യവും കൃത്യമായി ഓർക്കേണ്ട സമയമായിരിക്കുന്നു. ആവശ്യങ്ങളും ആവലാതികളും വിളിച്ചുപറയുന്ന വ്യക്തിയുടെ ശബ്ദം ദുർബലമായിരിക്കും എന്നാൽ സംഘടനയുടെ ശബ്ദത്തിന് വലിയ മുഴക്കവും ശക്തിയും ആയിരിക്കും.

അധികാരികളെ ഉണർത്താനും നീതി കിട്ടാനും സംഘടനാശക്തിക്കെ കഴിയൂ. മാത്രമല്ല വ്യവസായ വളർച്ചയ്ക്ക് ഉപകാരപ്പെടുന്ന അനവധി ഗുണങ്ങളാണ് സംഘടന കൊണ്ട് ഉണ്ടാകുന്നത്. പലപല വ്യവസായങ്ങളുടെ ഇടം ആണ് കേരളം. ഈ രംഗത്ത് അനുഭവസമ്പന്നരായ, വ്യവസായികളും തുടക്കകാരും ഉണ്ട്. അനുഭവം കൊണ്ട് വിദഗ്ധരായവർ നമുക്ക് വഴികാട്ടികളായി മാറാം. ഇന്നത്തെ സാഹചര്യത്തിൽ ട്രെയിനിങ്ങും വിശ്വസ്തതയും വ്യവസായ വളർച്ചയുടെ നിർണായക ഘടകങ്ങളാണ്. മാത്രമല്ല, വില്പനയുടെ തന്ത്രങ്ങളും അതിനായുള്ള തന്ത്രങ്ങളും പരിശീലനവും, ഇന്ന് ഒഴിവാക്കാനാവാത്ത ഘടകങ്ങളാണ്. അതിനു ആവശ്യമായ ട്രെയിനിങ് കോഴ്സുകൾ, സെമിനാറുകൾ, ചർച്ചകൾ ഒക്കെ നടത്താൻ വ്യക്തികൾക്കാവില്ല, സംഘടന ശക്തിക്ക് മാത്രമെ കഴിയൂ.

നമ്മുടെ വ്യവസായ മേഖലയിൽ ഉണ്ടാകുന്ന സകല ചലനങ്ങളും മാറ്റങ്ങളും പുരോഗതിയും പ്രവർത്തനരീതിയിൽ പുതു കണ്ടുപിടുത്തങ്ങളും സർക്കാർ ഉത്തരവുകളും നിർദ്ദേശങ്ങളും ഒക്കെ ഓരോ വ്യവസായിയും അറിയേണ്ടതുണ്ട്.

സംഘടനകൾക്ക് സർക്കാരുമായി നേരിട്ട് ബന്ധപ്പെടാൻ ആകും എന്നതും, കാര്യങ്ങളെ എളുപ്പമാക്കി തീർക്കുന്നു. വിവരങ്ങൾ അറിയാൻ നമ്മുടെ മാസികയും സഹായകമാകുന്നുണ്ട്. അതു കൊണ്ടുതന്നെ സംഘടനയിലും മാസികയിലും അംഗങ്ങളെ ചേർത്ത് നാം ഉത്സാഹത്തോടെ പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ഈ രംഗത്തെ പുതിയ ആശയങ്ങളും സാങ്കേതിക അറിവുകളും പങ്കുവെക്കുവാൻ സംഘടന ഉപകാരപ്പെടുന്നു എന്നതിൽ സംശയമില്ല.

ആളുകളെ കാണുകയും സംസാരിക്കുകയും നിരീക്ഷിക്കുകയും ചെയ്യുമ്പോഴാണ് നമുക്ക് മാനസിക ആരോഗ്യവും ഊർജ്ജവും കിട്ടുന്നത്. സംഘടന, ശക്തി സ്രോതസ് മാത്രമല്ല, പലപ്പോഴും മാർഗ്ഗദർശിയും സഹായിയുമായിത്തീരുന്നു. നമുക്ക് നമ്മുടെ സംഘടന ശക്തിപ്പെടുത്താം.

**എസ്. സലിം**
**ചീഫ് എഡിറ്റർ**

K-bip

# എല്ലാം ശരിയാകും
# സർട്ടിഫിക്കേഷൻ ശരിയാണെങ്കിൽ

ഭക്ഷ്യ ഉൽപാദക സ്ഥാപനങ്ങൾ, ഭക്ഷ്യ സംസ്കരണ
കമ്പനികൾ, ഹോട്ടൽ, കാറ്ററിംഗ് സ്ഥാപനങ്ങൾ, എക്സ്പോർട്ടിംഗ്
എന്നിങ്ങനെ ചെറുകിട, ഇടത്തരം ബിസിനസുകൾ ഉൾപ്പെടെ
ഭക്ഷ്യ വിതരണ ശൃംഖലയിലെ എല്ലാ തരത്തിലുമുള്ള
ബിസിനസുകൾക്കും ഭക്ഷ്യ സുരക്ഷാ സർട്ടിഫിക്കേഷൻ ബാധകമാണ്



HACCP CERTIFICATION NCHC NATIONAL CENTRE

## NATIONAL CENTRE FOR HACCP CERTIFICATION

**KERALA BUREAU OF INDUSTRIAL PROMOTION**

2, Vidhya Nagar, Opposite Police Ground,
Thycaud P.O., Thiruvananthapuram - 695014.
Tel: +91 471-2321882 Fax: +91 471-2322883
Email: info@haccpindia.org
www.haccpindia.org



# മിഷൻ 1000 പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള മാനദണ്ഡം ലഘൂകരിക്കണം

## പ്രസിഡൻഷ്യൽ റിപ്പോർട്ട്

നമ്മുടെ സംസ്ഥാനത്ത് പുതിയ സംരംഭകരെയും നിക്ഷേപകരെയും ആകർഷിക്കുന്നതിനും നിലവിലുള്ള സംരഭങ്ങൾ കൂടുതൽ വിപുലീകരിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും സംസ്ഥാന സർക്കാർ വിവിധ പദ്ധതികളും നയങ്ങളും നടപ്പാക്കികൊണ്ടിരിക്കുകയാണ്. ഇതിന്റെ ഭാഗമായി നിലവിലുള്ള 10 കോടി രൂപ വരെ നിക്ഷേപമുള്ള 1000 സംരംഭങ്ങൾ ശരാശരി 100 കോടി നിക്ഷേപമുള്ള സംരംഭങ്ങളാക്കി ഉയർത്താൻ മിഷൻ 1000 പദ്ധതി നടപ്പാക്കിയിരിക്കുകയാണ്. 100 കോടി രൂപ വെച്ച് 1000 സംരംഭങ്ങളിൽ 1 ലക്ഷം കോടി രൂപയുടെ ടേണോവറാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഈ പദ്ധതിയിലേക്ക് കടന്ന് വരാൻ സംരംഭകർ താല്പര്യം കാട്ടുന്നുവെങ്കിലും ഒരു കൊല്ലം കഴിഞ്ഞിട്ടും 260 സംരംഭങ്ങളാണ് ഈ പദ്ധതിയിൽ ഇതുവരെ വന്നിട്ടുള്ളത്.

Directorate of Industries and Commerce
Government of Kerala
MISSION 1000

പുതിയ വ്യവസായങ്ങൾക്ക് നിരവധി ആനുകൂല്യങ്ങൾ പ്രഖ്യാപിക്കുമ്പോൾ മിഷൻ 1000 പദ്ധതി പ്രകാരമുള്ള സംരംഭങ്ങൾക്ക് 2 കോടി രൂപ സബ്സിഡി, 50 ലക്ഷം രൂപ വരെ ജി.എസ്.ടി. ഒഴിവാക്കൽ, പ്രൊജക്റ്റ് കോസ്റ്റിന്റെ 25 ശതമാനം സബ്സിഡി തുടങ്ങിയ ആനുകൂല്യങ്ങൾ അനുവദിക്കും. മിഷൻ 1000 പദ്ധതിയിലേക്ക് സംരംഭങ്ങളെ തെരഞ്ഞെടുക്കുന്നതിന് മിനിമം 60 ശതമാനം മാർക്ക് വേണമെന്ന വ്യവസ്ഥയാണ് ഇതിനെ സംബന്ധിച്ചുള്ള കമ്മിറ്റിയുടെ തീരുമാനം. 60 ശതമാനം മാർക്ക് വേണമെന്ന നിബന്ധന മൂലം ഈ പദ്ധതിയിൽ ഉൾപ്പെടാൻ സാദ്ധ്യതയുള്ള സംരംഭങ്ങളുടെ എണ്ണം പരിമിതപ്പെടുമെന്ന് മാത്രമല്ല, സർക്കാരിന്റെ ലക്ഷ്യം പൂർത്തികരിക്കുന്നതിന് തടസ്സം നേരിടുകയും ചെയ്യും.

ഈ പദ്ധതിയിൽ ആകർഷിച്ച് കടന്ന് വരുന്ന സംരംഭകർ പൂർണ്ണ തോതിൽ എത്താതെ 50 നും 60 നും താഴെ മാർക്ക് നേടിയവർ നിലവിലുള്ള മാനദണ്ഡങ്ങൾ പാലിക്കാൻ സാധിക്കാതെ ഈ പദ്ധതിയിൽ നിന്ന് പുറന്തള്ളപ്പെടുന്നു. ഇത് കണക്കിലെടുത്ത് മിഷൻ 1000 പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള അർഹതയ്ക്ക് 60 ശതമാനം മാർക്ക് എന്നത് 50 ശതമാനമായി കുറച്ചുകൊണ്ട് സർക്കാരിന്റെ ഈ പദ്ധതിയിൽ കൂടുതൽ സംരംഭങ്ങളെ കൊണ്ട് വരുന്നതിനുള്ള നടപടി ഉണ്ടാകണം.



പുതിയ വ്യവസായ നയത്തിന് കീഴിലുള്ള കേരളത്തിന്റെ പുരോഗമനപരമായ വ്യാവസായിക സംരംഭങ്ങൾ സംസ്ഥാനത്തിന്റെ ആഗോള പ്രശസ്തി ഉയർത്തി. 2022-23 ൽ ആരംഭിച്ച ഇയർ ഓഫ് എന്റർപ്രൈസസ് പ്രോഗ്രാം കൊണ്ട് 3,40,202 സംരംഭങ്ങൾ സ്ഥാപിക്കാൻ സാധിച്ചു. 7,21,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും 21,838 കോടി നിക്ഷേപം ഉണ്ടാവുകയും ചെയ്തു. സംസ്ഥാനത്തിന്റെ മുൻനിര എം.എസ്.എം.ഇ. സംരംഭമായ മിഷൻ 1000, നാല് വർഷത്തിനുള്ളിൽ 100 കോടി രൂപ വീതം വാർഷിക വിറ്റുവരവ് നേടുന്ന 1,000 സംരംഭങ്ങളെ പരിപോഷിപ്പിക്കാൻ ലക്ഷ്യമിടുന്നു. പ്രവർത്തന മൂലധന വായ്പകളുടെ പലിശ നിരക്കിൽ 50% കിഴിവും സ്കെയിൽഅപ്പ് ഡി.പി.ആർ. തയ്യാറാക്കലിനായി ഒരു സംരംഭത്തിന് 1 ലക്ഷം രൂപ സഹായവും ഉൾപ്പെടെ, വ്യവസായ വകുപ്പിന്റെ ശക്തമായ പിന്തുണയോടെ 260 സംരംഭകരെ ആദ്യ ഘട്ടത്തിൽ കണ്ടെത്തി, വരുമാനം 100 കോടി കടക്കുന്ന ആദ്യ സംരംഭത്തിന് പ്രത്യേക അവാർഡ് നല്കുകയും ചെയ്യും.

കേന്ദ്ര സർക്കാരിന്റെ റാംപ് പ്രോഗ്രാമിന് കീഴിൽ നടപ്പിലാക്കിയ ഈ പദ്ധതി തിരഞ്ഞെടുത്ത സംരംഭങ്ങളെ സഹായിക്കാൻ സമർപ്പിതരായ ഉദ്യോഗസ്ഥരെ നിയോഗിക്കുന്നു. ഓട്ടോമോട്ടീവ് ടെക്, ജനറേറ്റീവ് എ.ഐ., ഹെൽത്ത് കെയർ ടെക്നോളജി എന്നിവയുൾപ്പടെയുള്ള നൂതന സാങ്കേതിക വിദ്യകളുടെ കേന്ദ്രമായി കേരളം വളർന്നുവരുന്ന നിലയിലുമാണ്. എം.എസ്.എം.ഇ. കളെ ശാക്തീകരിക്കുന്നതിലും കേരളത്തെ വ്യാവസായിക നവീകരണത്തിന്റെയും വളർച്ചയുടെയും കേന്ദ്രമാക്കി മാറ്റുന്നതിനുള്ള സംസ്ഥാനത്തിന്റെ പ്രതിബദ്ധത ശക്തിപ്പെടുകയും ചെയ്യും.

### പൊല്യൂഷൻ കൺട്രോൾ ബോർഡ് ഈടാക്കുന്ന ഫീസ് ഏകീകരിക്കണം





വ്യവസായ സംരംഭങ്ങളിൽ നിന്നും പൊല്യൂഷൻ കൺട്രോൾ ബോർഡ് ഈടാക്കുന്ന ഫീസ് ഏകീകരണ സ്വഭാവമുണ്ടെങ്കിലും പത്തനംതിട്ട ജില്ലയിലെ സംരംഭങ്ങളിൽ നിന്നും യാതൊരു മാനദണ്ഡവും വ്യവസ്ഥകളും പാലിക്കാതെ ഉദ്യോഗസ്ഥന്മാരുടെ വിവേചനാധികാരം ഉപയോഗിച്ച് വൻതുകകളാണ് ഈടാക്കുന്നതെന്ന് ധാരാളം പരാതികൾ ഉയർന്ന് വന്നിട്ടുണ്ട്. മറ്റു ജില്ലകളിൽ ഇങ്ങനെയുള്ള ആക്ഷേപം ഒന്നും തന്നെ നിലവിൽ ഇല്ല. ഇക്കാര്യത്തിൽ ബന്ധപ്പെട്ടവർ ഇടപെട്ട് പത്തനംതിട്ട ജില്ലയിൽ ഏകീകൃത സ്വഭാവത്തോടും നിയമാനുസൃതമായ ഫീസ് ഈടാക്കാനും കൂടുതൽ ഫീസ് വാങ്ങിയിട്ടുണ്ടെങ്കിൽ അത് തിരിച്ചു നല്കാനുമുള്ള നടപടി സ്വീകരിക്കണം.

### സംരംഭക സഭ പരമാവധി പ്രയോജനപ്പെടുത്തണം




കേരള സർക്കാരും വ്യവസായ വകുപ്പും സംയുക്തമായി സർക്കാർ തലത്തിൽ വ്യവസായവുമായി ബന്ധപ്പെട്ട് സംരംഭകസഭ രൂപികരിച്ചു. കേരള സർക്കാർ സംസ്ഥാനത്തെ ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്ക് എല്ലാവിധ പിന്തുണയും, പ്രോത്സാഹനവും നൽകി 2022-23 സംരംഭക വർഷം വൻ വിജയമാക്കി മുന്നേറികൊണ്ടിരിക്കുന്ന ഈ സമയത്ത് വ്യവസായികളുടെ വ്യവസായ സംബന്ധമായ പലവിധ പ്രശ്നങ്ങൾ അവതരിപ്പിക്കാനും പരിഹരിക്കാനും ഈ സംരംഭക സഭ വളരെയധികം പ്രയോജനകരമാവും. സർക്കാർ തലത്തിൽ സമയാസമയങ്ങളിൽ വ്യവസായ സംബന്ധമായ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും, ശ്രദ്ധയിൽപ്പെടുത്തുന്നതിനും വേണ്ടി ജില്ലാതല ഉപദേശക സമിതിയിലും, ജില്ലാതല ഏകോപന സമിതിയിലും, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ മോണിറ്ററിങ് കമ്മിറ്റിയിലും, ചെറുകിട വ്യവസായികളെ പ്രതിനിധികരിക്കുന്ന കെ.എസ്.എസ്.ഐ .എ. യിലെ പ്രത്യേക ക്ഷണിതാക്കളായ പ്രതിനിധികൾ അംഗങ്ങളായുണ്ട്. ആയതിനാൽ എല്ലാ ജില്ലാ പ്രസിഡന്റുമാരും മറ്റു ജില്ലാ ഭാരവാഹികളും ഇങ്ങനെയുള്ള കമ്മിറ്റികളിൽ പങ്കെടുക്കുമ്പോൾ വ്യവസായ സംബന്ധമായിട്ടുള്ള പഞ്ചായത്ത് ടാക്സ്, ബിൽഡിങ് ടാക്സ്, ഡി.എം.ഒ. ലൈസൻസ്, ഫയർ എൻ.ഒ.സി., പൊല്യൂഷൻ ലൈസൻസ് ഇങ്ങനെയുള്ള എല്ലാ കാര്യങ്ങളിലുമുള്ള നിരക്കും, മറ്റു നിർദ്ദേശങ്ങളും എല്ലാം മനസ്സിലാക്കി വേണം പ്രസ്തുത കമ്മിറ്റികളിൽ പങ്കെടുക്കേണ്ടത്. സർക്കാർ ഉത്തരവുകളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ മനസ്സിലാക്കിയാൽ മാത്രമെ ഇതെല്ലാം പാലിക്കുന്നുണ്ടോയെന്നും, അത് പ്രയോജനകരമാണോ, അതിൽ അപാകതകൾ ഉണ്ടോയെന്നുമുള്ള കാര്യങ്ങൾ അറിയാനും, അത് മനസ്സിലാക്കി പ്രവർത്തിക്കാനും സാധിക്കുകയുള്ളു. സർക്കാർ ഉത്തരവുകൾ ശേഖരിച്ച് അതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കണമെന്നും കൂടാതെ നിലവിലുള്ള വ്യവസായികളുടെ നിലവിലെ ബുദ്ധിമുട്ടുകൾ മനസ്സിലാക്കി ജില്ലാതലങ്ങളിൽ പരിഹരിക്കേണ്ടവ അതാത് ജില്ലതലങ്ങളിൽ പരിഹരിക്കാനുള്ള നടപടിയും, ജില്ലാതലങ്ങളിൽ പരിഹരിക്കാൻ സാധിക്കാത്തവ മാത്രം സംസ്ഥാന സംഘടനയ്ക്ക് അയച്ചുതരാനുള്ള നടപടിയും സ്വീകരിക്കണമെന്ന് എല്ലാ കെ.എസ്.എസ്.ഐ.എ. ജില്ലാ പ്രസിഡന്റുമാരോടും അഭ്യർത്ഥിക്കുന്നു. ■

**എ. നിസാറുദ്ദീൻ**
**സംസ്ഥാന പ്രസിഡന്റ്**





# ഉദ്യോഗസ്ഥർ അനാവശ്യമായി ഫാക്ടറികൾ സന്ദർശിച്ച് വ്യവസായ മേഖലയിൽ ഒരു ഭീതി പടർത്തരുത്

## വോയിസ് ഓഫ് ജനറൽ സെക്രട്ടറി

നമ്മുടെ സംസ്ഥാനത്ത് വ്യവസായ മേഖലയിലുണ്ടായ സൗഹൃദ അന്തരീക്ഷം ഇന്ത്യയ്ക്ക് തന്നെ മാതൃകയാണ്. പുതിയ സംരംഭകരെ ആകർഷിപ്പിക്കുന്നതിനും നിലവിലുള്ള സംരംഭകരുടെ പ്രശ്നങ്ങൾ യഥാസമയം പരിഹരിക്കുന്നതിനും സർക്കാർ തലത്തിലും ഉദ്യോഗസ്ഥ തലത്തിലും സ്വീകരിക്കുന്ന നടപടികൾ ആശാവഹവും സ്വാഗതാർഹവുമാണ്. വ്യവസായ മേഖലയിൽ വരുത്തിയ പരിഷ്ക്കാരങ്ങളെ തുടർന്നാണല്ലോ ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ്സിൽ കേരളം 15-ാം റാങ്കിൽ നിന്നും ഒന്നാം റാങ്കിൽ എത്തിയത്, ഇത് ഒരു ചരിത്ര സംഭവമായി രേഖപ്പെടുത്തി കഴിഞ്ഞു. ഈ സ്ഥാനം അതേപടി നിലനിർത്താനും നിലവിലുള്ള സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനുമുള്ള കൂട്ടായ ശ്രമം തുടരേണ്ടതാണ്.

നിലവിലുള്ള വ്യവസായ സൗഹൃദ അന്തരീക്ഷത്തിന് കോട്ടം തട്ടുന്ന രീതിയിലുള്ള ചില പ്രവണതകൾ ഉദ്യോഗസ്ഥ തലത്തിൽ സൃഷ്ടിക്കുന്ന നീക്കം ഭീതിയോടെയാണ് വ്യവസായ മേഖല നോക്കി കാണുന്നത്. ഉദ്യോഗസ്ഥന്മാർക്ക് അനാവശ്യമായി ഫാക്ടറികൾ സന്ദർശിച്ച് സംരംഭകരെ ദ്രോഹിക്കാൻ ഇടയാക്കുന്ന ഒരു ഉത്തരവാണ് 26.07.2024 തിയതി വച്ച് സർക്കാർ ഇറക്കിയത്. ഫാക്ടറികൾ സുരക്ഷിതമായി പ്രവർത്തിക്കാനും തൊഴിലാളികൾക്കും സമീപ വാസികൾക്കും സുരക്ഷ ഉറപ്പാക്കാനുമുള്ള സുരക്ഷാമാനദണ്ഡങ്ങൾ തീർച്ചയായും പാലിക്കപ്പെടേണ്ടതും ഉറപ്പ് ആക്കേണ്ടതുമാണ്. ഈയടുത്ത കാലത്ത് എടയാർ വ്യവസായ മേഖലയിലെ ചില ഫാക്ടറികളിലുണ്ടായ സ്ഫോടനവും തീപിടുത്തവും അതിന്റെ പേരിൽ വ്യവസായ മേഖല മൊത്തത്തിൽ സുരക്ഷിതമല്ലെന്നുള്ള ഭീതി പരക്കാൻ ഇടവരുന്നത്.

ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ്സിന്റെ ഭാഗമായി ഫാക്ടറികൾ സന്ദർശിക്കാനും പരിശോധിക്കാനും വ്യക്തമായ മാനദണ്ഡങ്ങളോടെയുള്ള 2019 ലെ സർക്കാർ ഉത്തരവുണ്ട്. ഈ ഉത്തരവ് പ്രകാരം യാതൊരു മുന്നറിയിപ്പുമില്ലാതെ ഉദ്യോഗസ്ഥന്മാർ ഫാക്ടറികൾ സന്ദർശിക്കാൻ പാടില്ല, ഫാക്ടറികൾ സന്ദർശിക്കണമെങ്കിൽ വ്യക്തമായ രേഖാമൂലം പരാതികൾ ലഭിക്കണം, സന്ദർശനത്തിനു മുമ്പായി പരാതിയുടെ കോപ്പിയുൾപ്പടെ ഫാക്ടറി ഉടമയെ സന്ദർശിക്കുന്ന ദിവസവും സമയവും രേഖാമൂലം അറിയിക്കണം. പരിശോധന സമയത്ത് വീഡിയോ റെക്കോഡ് ചെയ്യാനുള്ള ഫാക്ടറി ഉടമകളുടെ അവകാശം തുടങ്ങിയ വ്യവസ്ഥകളോടെയാണ് ഈ ഉത്തരവിറക്കിയത്. പുതിയ ഉത്തരവ് പ്രകാരം ഫാക്ടറികളെ ഹൈറിസ്ക്, മീഡിയം റിസ്ക്, ലോ റിസ്ക് എന്നിങ്ങനെ മൂന്നായി തരം തിരിച്ചിരിക്കുകയാണ്. ഹൈറിസ്ക് കാറ്റഗറിയിൽ വർഷത്തിൽ ഒരിക്കലോ അത്യാവശ്യമായി വരുന്ന ഏതെങ്കിലും ഘട്ടത്തിലോ മീഡിയം റിസ്ക് കാറ്റഗറിയിൽ മൂന്ന് വർഷത്തിലൊരിക്കലോ, അത്യാവശ്യമായി വരുന്ന ഏത് ഘട്ടത്തിലും ഫാക്ടറികളിൽ പരിശോധന നടത്താനുള്ള അധികാരമാണ് ഉദ്യോഗസ്ഥന്മാർക്ക് നല്കിയിരിക്കുന്നത്. 2019 ലെ ഉത്തരവിന് കടകവിരുദ്ധമായാണ് ഈ ഉത്തരവ്. ഉദ്യോഗസ്ഥന്മാർ ദുരുപയോഗം ചെയ്യാനും വ്യവസായ മേഖലയിൽ ഭീതിപ്പടർത്താനും മാത്രമെ സഹായകരമാകു. ഉദ്യോഗസ്ഥന്മാർക്ക് അത്യാവശ്യമായി വരുന്ന ഏത് ഘട്ടത്തിലും പരി ശോധന നടത്താൻ അധികാരം നല്കുന്ന ഈ വ്യവസ്ഥ ഇന്ന് നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്ന വ്യവസായ സൗഹൃദ അന്തരീക്ഷം തന്നെ ഇല്ലാതാക്കുക മാത്രമല്ല കേരളത്തെ സംബന്ധിച്ച് ഒരു തെറ്റായ സന്ദേശം നല്കാനും ഇടവരും. ഫാക്ടറികൾ സന്ദർശിക്കുന്നതിനും പരിശോധിക്കുന്നതിനും വീഴ്ചകൾ സംഭവിച്ചാൽ അവ തിരുത്താനുമുള്ള നിർദ്ദേശങ്ങൾ നല്കുന്നതിനും വ്യവസായ സമൂഹം എതിരല്ലെന്നും ഇവിടെ വ്യക്തമാക്കട്ടെ. മേൽപ്പറഞ്ഞ വസ്തുതകൾ കണക്കിലെടുത്ത് 2024 ലെ ഉത്തരവ് അടിയന്തിരമായി പുന:പരിശോധിക്കാനുള്ള നടപടി സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടാകണം.■

**ജോസഫ് പൈകട**
**ജനറൽ സെക്രട്ടറി**

# GST ചോദ്യോത്തര പംക്തി

## GST FOR PRINTERS





അഡ്വ. കെ.എസ്. ഹരിഹരൻ
B.Com, LLB, MBA, LLM

**ചോദ്യം**

**പ്രിന്റർമാരുടെ ജി.എസ്.ടി. ബാധ്യതയെക്കുറിച്ച് വിശദീകരിക്കാമോ?**

**രാജേഷ് ജി.,** മാനേജിംഗ് ഡയറക്ടർ, രാജശ്രീ ഇൻഡസ്ട്രിയൽ പ്രിന്റേഴ്സ്

**ഉത്തരം**

പ്രിന്റർമാരുടെ GST ബാധ്യത കണക്കാക്കേണ്ടതെങ്ങനെ എന്നത് മുൻ ലക്കത്തിൽ വിവരിച്ചുവല്ലോ. മുൻലക്കത്തിലെ ഉള്ളടക്കത്തിന്റെ പ്രസക്ത ഭാഗങ്ങൾ ഒന്നുകൂടി അയവിറക്കുകയും, പ്രായോഗികമായ ഉദാഹരണങ്ങളിലൂടെ ആ കാര്യങ്ങൾ വ്യക്തമാക്കുകയുമാണ് ഈ ലക്കത്തിൽ.

### കോംപൊസിറ്റ് സപ്ലൈ:

പ്രിന്റർമാർ ചെയ്യുന്ന ഭൂരിഭാഗം സപ്ലൈകളും കോംപൊസിറ്റ് സപ്ലൈകൾ ആണ്. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച സർക്കുലർ നം. 11/11/2017-GST dated 20-10-2017 എന്ന സർക്കുലർ, പ്രിന്റർമാർ ചെയ്യുന്ന കോംപൊസിറ്റ് സപ്ലൈകളിലെ പ്രിൻസിപ്പൽ സപ്ലൈ പ്രധാന സപ്ലൈ ഏത് എന്ന് നിർണ്ണയിക്കേണ്ടതെങ്ങനെ എന്നതിന് ഒരു സൂചിക നൽകുന്നു.

### പ്രിന്റർമാർ ചെയ്യുന്നത് നാല് തരം പ്രവൃത്തികൾ:

GST നിയമത്തിൽ പ്രിന്റർമാർ ചെയ്യുന്ന പ്രവൃത്തികളെ നാല് വിഭാഗങ്ങളായി തിരിക്കാവുന്നതാണ്:

#### (A) സർവീസുകളുടെ സപ്ലൈ:

ഒരു പ്രിന്റർ നൽകുന്ന കോംപൊസിറ്റ് സപ്ലൈയിൽ മുന്നിട്ടു നിൽക്കുന്ന ഘടകം സേവനമാണെങ്കിൽ ആ സപ്ലൈയെ സർവീസ് കോഡ് 9989 നു കീഴിൽ വരുന്ന ഒരു സർവീസ് സപ്ലൈ ആയാണ് കണക്കാക്കേണ്ടത്. നോട്ടിഫിക്കേഷൻ നം. 11/2017-CT(R) പ്രകാരം 18% ആണ് ഇത്തരം സപ്ലൈകൾക്ക് ബാധകമായ GST നിരക്ക്.

#### (B) ഗുഡ്സിന്റെ സപ്ലൈ:

ഒരു പ്രിന്റർ നൽകുന്ന കോംപൊസിറ്റ് സപ്ലൈയിൽ മുന്നിട്ടു നിൽക്കുന്ന ഘടകം ഗുഡ്സ് ആണെങ്കിൽ ആ സപ്ലൈയെ ഒരു ഗുഡ്സ് സപ്ലൈ ആയാണ് കണക്കാക്കേണ്ടത്. 48, 49 എന്നീ അക്കങ്ങളിൽ തുടങ്ങുന്ന HSN കോഡുകൾക്ക് കീഴിലാണ് ഒട്ടുമിക്ക പ്രിന്റഡ് ഗുഡ്സും വരുന്നത്. അതിനാൽ പ്രിന്റർമാർ നൽകുന്ന ഗുഡ്സ് സപ്ലൈകളുടെ നിരക്ക് നോട്ടിഫിക്കേഷൻ നം. 1/2017-CT(R) എന്ന നോട്ടിഫിക്കേഷനിൽ അതത് HSN കോഡിന് ബാധകമായ നിരക്കാണ്.

#### (C) പ്രിന്റർമാർ GST രജിസ്ട്രേഷനുള്ള കസ്റ്റമർമാർക്കായി ചെയ്യുന്ന ജോബ് വർക്ക് സർവീസുകളുടെ സപ്ലൈ:

പ്രിന്റിംഗുമായി ബന്ധപ്പെട്ട ജോബ് വർക്ക് സേവനങ്ങളുടെ സർവീസ് കോഡ് 9988 ആണ്. ജോബ് വർക്ക് സർവീസിന്റെ ഫലമായി ഉരുത്തിരിഞ്ഞുവരുന്ന ഗുഡ്സിന്റെ HSN കോഡ് എന്ത് എന്നതിനെ അടിസ്ഥാനപ്പെടുത്തി പ്രിന്റർമാർ ചെയ്യുന്ന ജോബ് വർക്ക് സേവനങ്ങൾക്ക് 5%, 12%, 18% എന്നിങ്ങനെയുള്ള GST നിരക്കുകൾ നോട്ടിഫിക്കേഷൻ നം. 11/2017-CT(R) പ്രകാരം പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു.

**(D) പ്രിന്റർമാർ GST രജിസ്ട്രേഷനില്ലാത്ത കസ്റ്റമർമാർക്കായി ചെയ്യുന്ന ജോബ് വർക്കിന് സമാനമായ സർവീസുകളുടെ സപ്ലൈ:**

GST നിയമത്തിനു കീഴിൽ, GST രജിസ്ട്രേഷനുള്ള ഒരു സപ്ലയർ, GST രജിസ്ട്രേഷനുള്ള ഒരു കസ്റ്റമർക്ക് ആ കസ്റ്റമർ നൽകുന്ന അപരിഷ്കൃത വസ്തുക്കളുടെ {raw materials} മേൽ ചെയ്തു കൊടുക്കുന്ന സേവനങ്ങളെ മാത്രമേ 'ജോബ് വർക്ക് സേവനം' {"service by way of job work"} എന്ന് വിളിക്കുകയുള്ളൂ. GST രജിസ്ട്രേഷനുള്ള ഒരു സപ്ലയർ, GST രജിസ്ട്രേഷനില്ലാത്ത ഒരു കസ്റ്റമർക്ക്, ആ കസ്റ്റമർ നൽകുന്ന അപരിഷ്കൃത വസ്തുക്കളുടെ {raw materials} മേൽ ചെയ്തുകൊടുക്കുന്ന സേവനങ്ങളെ 'മറ്റൊരാളിന്റേതായ ഗുഡ്സിനു മേൽ ചെയ്തുനൽകപ്പെടുന്ന ട്രീറ്റ്മെന്റ് അല്ലെങ്കിൽ പ്രക്രിയയുടെ രൂപത്തിലുള്ള സേവനം' {'service by way of treatment or process done on goods belonging to others' എന്നാണ് വിളിക്കുക.

GST രജിസ്ട്രേഷനില്ലാത്ത കസ്റ്റമർക്ക് നൽകുന്ന, പ്രിന്റിംഗുമായി ബന്ധപ്പെട്ട ജോബ് വർക്കിന് സമാനമായ സേവനങ്ങളുടെ സർവീസ് കോഡ് 9988 ആണ്. ജോബ് വർക്കിന് സമാനമായ സർവീസിന്റെ ഫലമായി ഉരുത്തിരിഞ്ഞുവരുന്ന ഗുഡ്സിന്റെ HSN കോഡ് എന്ത് എന്നതിനെ അടിസ്ഥാനപ്പെടുത്തി പ്രിന്റർമാർ ചെയ്യുന്ന ജോബ് വർക്കിന് സമാനമായ സേവനങ്ങൾക്ക് 5%, 12%, 18% എന്നിങ്ങനെയുള്ള GST നിരക്കുകൾ പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു.

### പ്രായോഗിക ഉദാഹരണങ്ങൾ:

**ഉദാഹരണം 1**

**സാഹചര്യം 1**

ഒരു പബ്ലിഷിംഗ് കമ്പനി ഒരു പുസ്തകം പ്രിന്റ് ചെയ്യുവാൻ ഒരു പ്രിന്ററെ ഏൽപ്പിക്കുന്നു. ആ പുസ്തകത്തിന്റെ ഉള്ളടക്കം പബ്ലിഷറാണ് പ്രിന്റർക്ക് കൊടുക്കുന്നത്. ആ ഉള്ളടക്കം ഉപയോഗിക്കാനുള്ള അവകാശാധികാരങ്ങൾ പബ്ലിഷറുടെ പേരിലാണ്. തുടർന്ന് പ്രിന്റർ തന്റെ കൈവശമുള്ള പേപ്പറും, മഷി മുതലായ ഉപഭോഗ വസ്തുക്കളും ഉപയോഗിച്ച് ആ പുസ്തകം പ്രിന്റ് ചെയ്ത് പബ്ലിഷർക്ക് നൽകുന്നു. പ്രിന്റർ ഇവിടെ ചെയ്യുന്നത് 9989 എന്ന സർവീസ് കോഡിനു കീഴിൽ വരുന്ന പ്രിന്റിംഗ് സർവീസിന്റെ സപ്ലൈ ആണ്.

**സാഹചര്യം 2**

ഒരു പബ്ലിഷിംഗ് കമ്പനി ഒരു പുസ്തകം പ്രിന്റ് ചെയ്യുവാൻ ഒരു പ്രിന്ററെ ഏൽപ്പിക്കുന്നു. ആ പുസ്തകത്തിന്റെ ഉള്ളടക്കം പബ്ലിഷറാണ് പ്രിന്റർക്ക് കൊടുക്കുന്നത്. ആ ഉള്ളടക്കം ഉപയോഗിക്കാനുള്ള അവകാശാധികാരങ്ങൾ പബ്ലിഷറുടെ പേരിലാണ്. തനിക്കായി പുസ്തകം പ്രിന്റ് ചെയ്യുന്നതിലേക്ക് ഉപയോഗിക്കാനുള്ള പ്രധാന ഭൗതിക ഇൻപുട്ടായ പേപ്പർ, പബ്ലിഷർ തന്നെ പ്രിന്റർക്ക് നൽകുന്നു. ശേഷം പ്രിന്റർ തന്റെ കൈവശമുള്ള മഷി മുതലായ ഉപഭോഗവസ്തുക്കൾ ഉപയോഗിച്ച് ആ പുസ്തകം പ്രിന്റ് ചെയ്ത് പബ്ലിഷർക്ക് നൽകുന്നു.

ഇവിടെ പബ്ലിഷർ ഒരു GST രജിസ്റ്റേർഡ് വ്യക്തിയാണെങ്കിൽ പ്രിന്റർ ഇവിടെ ചെയ്യുന്നത് 9988 എന്ന സർവീസ് കോഡിനു കീഴിൽ വരുന്ന 'ജോബ് വർക്ക് സേവനത്തിന്റെ' {"services by way of job work"} സപ്ലൈ ആണ്.


ഇവിടെ പബ്ലിഷർ ഒരു GST രജിസ്റ്റേർഡ് വ്യക്തി അല്ലായെങ്കിൽ പ്രിന്റർ ഇവിടെ ചെയ്യുന്നത് 9988 എന്ന സർവീസ് കോഡിനു കീഴിൽ വരുന്ന 'മറ്റൊരാളിന്റേതായ ഗുഡ്സിനു മേൽ ചെയ്തു നൽകപ്പെടുന്ന ട്രീറ്റ്മെന്റ് അല്ലെങ്കിൽ പ്രക്രിയ എന്ന സേവനത്തിന്റെ' {"services by way of treatment or process done on goods belonging to others"} സപ്ലൈ ആണ്.

**സാഹചര്യം 3**

ഒരു പബ്ലിഷിംഗ് കമ്പനി ഒരു പുസ്തകം പ്രിന്റ് ചെയ്യുവാൻ ഒരു പ്രിന്ററെ ഏൽപ്പിക്കുന്നു. ആ പുസ്തകത്തിന്റെ ഉള്ളടക്കം ഉപയോഗിക്കാനുള്ള അവകാശാധികാരങ്ങൾ പ്രത്യേകിച്ച് ആരിലും നിക്ഷിപ്തമല്ല, ആ ഉള്ളടക്കം പൊതുവായി എല്ലാവർക്കും ഉപയോഗിക്കാവുന്ന ഒന്നാണ്. (ഉദാഹരണത്തിന് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഒരു നിയമത്തിന്റെ അതേപടിയുള്ള പുനഃപ്രസിദ്ധീകരണം, അല്ലെങ്കിൽ പ്രത്യേകമായ ഉപയോഗാവകാശങ്ങൾ അവകാശപ്പെടാൻ കഴിയാത്ത സാധാരണ ഉള്ളടക്കമുള്ള രജിസ്റ്റർ ബുക്കുകൾ, ലോഗ് ബുക്കുകൾ, ഇൻവോയ്സ് ബുക്കുകൾ തുടങ്ങിയവ).

പ്രിന്റർ തന്റെ കൈവശമുള്ള പേപ്പർ, മഷി മുതലായ വസ്തുക്കൾ ഉപയോഗിച്ച് ആ പുസ്തകം പ്രിന്റ്ചെയ്ത് പബ്ലിഷർക്ക് നൽകുന്നു. പ്രിന്റർ ഇവിടെ ചെയ്യുന്നത് 4901 എന്ന HSN കോഡിനു കീഴിൽ വരുന്ന 'പ്രിന്റഡ് ബുക്ക്സ്' എന്ന ഗുഡ്സിന്റെയോ, 4820 എന്ന HSN കോഡിനു കീഴിൽ വരുന്ന രജിസ്റ്റർ ബുക്ക്, ലോഗ് ബുക്ക്, ഇൻവോയ്സ് ബുക്ക് തുടങ്ങിയ ഗുഡ്സിന്റെയോ സപ്ലൈ ആണ്.





### സാഹചര്യം 4

ഒരു പബ്ലിഷിംഗ് കമ്പനി ഒരു പുസ്തകം പ്രിന്റ് ചെയ്യുവാൻ ഒരു പ്രിന്ററെ ഏൽപ്പിക്കുന്നു. ആ പുസ്തകത്തിന്റെ ഉള്ളടക്കം ഉപയോഗിക്കാനുള്ള അവകാശാധികാരങ്ങൾ പ്രത്യേകിച്ച് ആരിലും നിക്ഷിപ്തമല്ല, ആ ഉള്ളടക്കം പൊതുവായി എല്ലാവർക്കും ഉപയോഗിക്കാവുന്ന ഒന്നാണ്. (ഉദാഹരണത്തിന് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഒരു നിയമത്തിന്റെ അതേ പടിയുള്ള പുനഃപ്രസിദ്ധീകരണം, അല്ലെങ്കിൽ പ്രത്യേകമായ ഉപയോഗാവകാശങ്ങൾ അവകാശപ്പെടാൻ കഴിയാത്ത സാധാരണ ഉള്ളടക്കമുള്ള രജിസ്റ്റർ ബുക്കുകൾ, ലോഗ് ബുക്കുകൾ, ഇൻവോയ്സ് ബുക്കുകൾ തുടങ്ങിയവ).

ആ പുസ്തകം പ്രിന്റ് ചെയ്യുവാനുള്ള പ്രധാന ഭൗതിക ഇൻപുട്ട് ആയ പേപ്പർ, പബ്ലിഷർ തന്നെ പ്രിന്റർക്ക് കൊടുക്കുന്നു. പ്രിന്റർ തന്റെ കൈവശമുള്ള മഷി മുതലായ ഉപഭോഗ വസ്തുക്കൾ ഉപയോഗിച്ച് ആ പുസ്തകം പ്രിന്റ് ചെയ്ത് പബ്ലിഷർക്ക് നൽകുന്നു.

ഇവിടെ പബ്ലിഷർ ഒരു GST രജിസ്റ്റേഡ് വ്യക്തിയാണെങ്കിൽ പ്രിന്റർ ഇവിടെ ചെയ്യുന്നത് 9988 എന്ന സർവീസ് കോഡിനു കീഴിൽ വരുന്ന 'ജോബ് വർക്ക് സേവനത്തിന്റെ' {"services by way of job work"} സപ്ലൈ ആണ്.

ഇവിടെ പബ്ലിഷർ ഒരു GST രജിസ്റ്റേഡ് വ്യക്തി അല്ലായെങ്കിൽ പ്രിന്റർ ഇവിടെ ചെയ്യുന്നത് 9988 എന്ന സർവീസ് കോഡിനു കീഴിൽ വരുന്ന 'മറ്റൊരാളിന്റേതായ ഗുഡ്സിനു മേൽ ചെയ്തു നൽകപ്പെടുന്ന ട്രീറ്റ്മെന്റ് അല്ലെങ്കിൽ പ്രക്രിയ എന്ന സേവനത്തിന്റെ' {"services by way of treatment or process done on goods belonging to others"} സപ്ലൈ ആണ്.

**ഉദാഹരണം 2:**

### സാഹചര്യം 1

ഒരു ബേക്കറി തങ്ങളുടെ ലോഗോ പതിപ്പിച്ച പേപ്പർ ബോക്സുകൾ, ടിഷ്യൂ പേപ്പറുകൾ മുതലായവ പ്രിന്റ് ചെയ്തു തരാൻ പ്രിന്ററോട് ആവശ്യപ്പെടുന്നു. ബേക്കറിയ്ക്ക് മാത്രം ഉപയോഗാവകാശമുള്ള ബേക്കറി ലോഗോയുടെ കോപ്പി അവർ പ്രിന്റർക്ക് നൽകുന്നു. പ്രിന്റർ സ്വന്തം കൈയിൽ നിന്നും പേപ്പർ എടുത്ത് ബേക്കറി മാനേജ്മെന്റ് ആവശ്യപ്പെട്ടതുപോലെയുള്ള ലോഗോ പതിപ്പിച്ച പേപ്പർ ബോക്സുകളും ടിഷ്യൂ പേപ്പറുകളും പ്രിന്റ് ചെയ്ത് നൽകുന്നു. പ്രിന്റർ ഇവിടെ ചെയ്യുന്നത് 4819 എന്ന HSN കോഡിനു കീഴിൽ വരുന്ന പ്രിന്റഡ് പേപ്പർ ബോക്സ് എന്ന ഗുഡ്സിന്റെയും, 4803 എന്ന HSN കോഡിനോ ടിഷ്യൂവിന്റെ പ്രകൃതമനുസരിച്ച് അനുയോജ്യമായ മറ്റേതെങ്കിലും HSN കോഡിനോ കീഴിൽ വരുന്ന ടിഷ്യൂ പേപ്പർ എന്ന ഗുഡ്സിന്റെയും സപ്ലൈ ആണ്.

### സാഹചര്യം 2

ഒരു ബേക്കറി തങ്ങളുടെ ലോഗോ പതിപ്പിച്ച പേപ്പർ ബോക്സുകൾ, ടിഷ്യൂ പേപ്പറുകൾ മുതലായവ പ്രിന്റ് ചെയ്തു തരാൻ പ്രിന്ററോട് ആവശ്യപ്പെടുന്നു. ബേക്കറിയ്ക്ക് മാത്രം ഉപയോഗാവകാശമുള്ള ബേക്കറി ലോഗോയുടെ കോപ്പി അവർ പ്രിന്റർക്ക് നൽകുന്നു. അവ തയ്യാറാക്കുവാനുള്ള പേപ്പറും ബേക്കറി പ്രിന്റർക്ക് നൽകുന്നു. ശേഷം പ്രിന്റർ ആ ലോഗോയും പേപ്പറും ഉപയോഗിച്ച് ബേക്കറി മാനേജ്മെന്റ് ആവശ്യപ്പെട്ടതു പോലെയുള്ള ലോഗോ പതിപ്പിച്ച പേപ്പർ ബോക്സുകളും ടിഷ്യൂ പേപ്പറുകളും പ്രിന്റ് ചെയ്ത് നൽകുന്നു. ബേക്കറി GST രജിസ്റ്റേഡ് ആണെങ്കിൽ പ്രിന്റർ ഇവിടെ ചെയ്യുന്നത് 9988 എന്ന സർവീസ് കോഡിനു കീഴിൽ വരുന്ന 'ജോബ് വർക്ക് സേവനത്തിൻറെ' {"service by way of job work"} സപ്ലൈ ആണ്. ബേക്കറി GST രജിസ്റ്റേഡ് അല്ലായെങ്കിൽ പ്രിന്റർ ഇവിടെ ചെയ്യുന്നത് 9988 എന്ന സർവീസ് കോഡിനു കീഴിൽ വരുന്ന 'മറ്റൊരാളിന്റേതായ ഗുഡ്സിനു മേൽ ചെയ്തു നൽകപ്പെടുന്ന ട്രീറ്റ്മെന്റ് അല്ലെങ്കിൽ പ്രക്രിയ എന്ന സേവനത്തിന്റെ' {"service by way of treatment or process done on goods belonging to others"} സപ്ലൈ ആണ്.

പ്രിന്റർമാരുടെ GST ബാധ്യത ഒരു വലിയ വിഷയമാണ്. അതിനെ സംബന്ധിക്കുന്ന ഒരു സൂചിക മാത്രമാണ് ഈ ലേഖനം. ഓരോ പ്രിന്റിംഗ് സ്ഥാപനങ്ങളും വിശദമായ വായനയിലൂടെയും പഠനത്തിലൂടെയും നിയമവശങ്ങൾ മനസ്സിലാക്കേണ്ടത് പ്രിന്റിംഗ് സ്ഥാപനങ്ങളുടെ നിലനിൽപ്പിനു തന്നെ അത്യാവശ്യമാണ്. നിയമ വശങ്ങളുടെ നൂലാമാലകൾ കൃത്യമായി ഇഴതിരിച്ചെടുക്കാൻ കഴിയാത്തതിനാൽ സത്യസന്ധരായിരുന്നിട്ടു കൂടി ബാധ്യതകൾ നേരിടേണ്ടി വന്ന നിരവധി പ്രിന്റർമാരുണ്ട്. GST നിയമത്തെക്കുറിച്ച് ശരിയായ പരിജ്ഞാനം നേടി ബിസിനസിനെ ഉയർച്ചയിലേക്ക് നയിക്കാൻ ഓരോ പ്രിന്റിംഗ് സ്ഥാപനങ്ങളുടെയും സാരഥികൾക്കും സഹയാത്രികർക്കും കഴിയട്ടെ എന്ന് ലേഖകൻ ആശംസിക്കുന്നു.■

അസോസിയേഷന്റെ
ജി.എസ്.റ്റി. & സെൻട്രൽ എക്സൈസ്
കമ്മിറ്റി ചെയർമാൻ ആണ് ലേഖകൻ
✆ 98462 27555, 79024 43188,
79070 00401

# ജി.എസ്.ടി. യിൽ രേഖകൾ എത്രകാലം സൂക്ഷിക്കണം



ജി. എസ്.ടി.യിൽ ഒരാൾ ഫയൽ ചെയ്യുന്ന റിട്ടേണുകളിൽ ഡിമാൻഡ് ആൻഡ് റിക്കവറി എന്നതുമായി ബന്ധപ്പെട്ട തെറ്റുകൾ ഉണ്ടെങ്കിലോ, അല്ലെങ്കിൽ അവിടെ നികുതിദായകൻ ബോധപൂർവ്വമായ മാറ്റങ്ങൾ വരുത്തിയ സന്ദർഭത്തിലോ അതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ട്. 2017-18 നെ സംബന്ധിച്ചിടത്തോളം ബോധപൂർവ്വം അല്ലാത്ത വീഴ്ച വരുന്ന കാര്യങ്ങളിൽ തീർപ്പ് കൽപ്പിക്കേണ്ട ജി.എസ്.ടി. നിയമത്തിലെ 73-ാം വകുപ്പ് പ്രകാരമുള്ള അവസാന തീയതി 31.12.2023 ആയിരുന്നു. 31.12.2023 നോ അതിനു മുമ്പോ 2017-18 ലെ അസസ്മെന്റുകൾ തീർപ്പ് കൽപ്പിക്കാതിരുന്നാൽ പിന്നീട് സെൻട്രൽ ജി.എസ്.ടി. ആക്ടിലെ 73-ാം വകുപ്പ് പ്രകാരമുള്ള അവസാന തിയതി 31.12.2023 ആയിരുന്നു. 31.12.2023 നോ അതിനു മുമ്പോ 2017-18 ലെ അസസ്മെന്റുകൾ തീർപ്പ് കൽപ്പിക്കാതിരുന്നാൽ പിന്നീട് സെൻട്രൽ ജി.എസ്.ടി. ആക്ടിലെ 73-ാം വകുപ്പ് അനുസരിച്ച് ഇനിയും അസസ്മെന്റുകൾ നടത്താൻ പാടില്ലയെന്നേയുള്ളു. എന്നാൽ നികുതിദായകൻ മനപൂർവ്വമായുള്ള ഒളിച്ചു വെയ്ക്കൽ പോലുള്ള ഏതെങ്കിലും തട്ടിപ്പിന് വിധേയമായിട്ടാണ് റിപ്പോർട്ട് സമർപ്പിച്ചതെന്ന് ഒരു ഉദ്യോഗസ്ഥന് തോന്നുന്നുവെങ്കിൽ 2017-18 ലെ നികുതി തീർപ്പ് കൽപ്പിക്കേണ്ടത് 73-ാം വകുപ്പ് പ്രകാരം 05.02.2025 നുള്ളിലാണ്. അതായത്, ബോധപൂർവ്വം അല്ലാത്ത ഏതെങ്കിലും കുറവുകൾ മൂലം സാധാരണ നിലയിലുള്ള റിട്ടേൺ ഫയൽ ചെയ്തവരുടെ കാര്യമാണെങ്കിൽ അത്തരത്തിലുള്ളവരുടെ 2017-18 ലെ അസസ്മെന്റ് ഓർഡറുകൾ 31.12.2023 ന് ശേഷം പുറപ്പെടുവിക്കാൻ പാടില്ല. 31.12.2023 ന് അസസ്മെന്റ് ഓർഡറുകൾ പുറപ്പെടുവിക്കണമെങ്കിൽ തന്നെ മൂന്നുമാസം മുമ്പ് അതായത് 30.09.2023 ന് മുമ്പ് നോട്ടീസ് കൊടുക്കുകയും ചെയ്തിരിക്കണം എന്നും വ്യവസ്ഥയുണ്ട്. വാർഷിക റിട്ടേൺ എന്ന GSTR- 9 ഫയൽ ചെയ്യേണ്ട തിയതിയെ ആസ്പദമാക്കിയാണ്. സെക്ഷൻ 73 ആയാലും സെക്ഷൻ 74 ആയാലും അസസ്മെന്റുകൾ തീർപ്പ് കൽപ്പിക്കേണ്ട അവസാന തീയതി പ്രഖ്യാപിച്ചിട്ടുള്ളത്.

ജി.എസ്.ടി. യിൽ ബുക്കുകൾ സൂക്ഷിച്ചു വെയ്ക്കേണ്ട സമയം വാർഷിക റിട്ടേൺ സമർപ്പിക്കേണ്ടതിന് നിശ്ചയിച്ച തീയതി മുതൽ ആറ് വർഷമാണ്. അസസ്മെന്റ് ഓർഡറുകൾക്കെതിരെ അപ്പീലുകൾ നിലനിൽക്കുന്ന ഓർഡറുകൾ സംബന്ധിച്ച നികുതിദായകൻ ആണെങ്കിൽ ആ അപ്പീൽ ഓർഡറിന് ശേഷം നിശ്ചിത കാലയളവ് വരെ ബുക്കുകൾ സൂക്ഷിക്കേണ്ടതായി വരും. അപ്പീലുകൾ ഒന്നുമില്ലാത്ത കേസിൽ വാർഷിക റിട്ടേൺ ഫയൽ ചെയ്യേണ്ട അവസാന തീയതി മുതൽ ആറ് വർഷം വരെയെങ്കിലും കണക്കുകൾ ഉൾപ്പടെയുള്ള രേഖകൾ സൂക്ഷിക്കണം. 2017-18 ലെ വാർഷിക റിട്ടേണിന്റെ അവസാന തിയതി 05.02.2020 വരെയായിരുന്നു. അങ്ങനെയാണെങ്കിൽ, ഏറ്റവും കുറഞ്ഞത് 05.02.2026 വരെ 2017-18 ലെ ബുക്ക്സ് ഓഫ് അക്കൗണ്ട്സ് സൂക്ഷിക്കാൻ ഒരു അസസി അല്ലെങ്കിൽ ബിസിനസുകാരൻ തയ്യാറാകണം.

## നമ്മുടെ വ്യവസായം

✓വ്യവസായ സംബന്ധമായ സംശയങ്ങൾക്ക് വിദഗ്ധർ മറുപടി പറയുന്നു. ✓കെ.എസ്.എസ്.ഐ.എ. ന്യൂസിലൂടെ വായനക്കാരുടെ പ്രതികരണങ്ങൾ ഞങ്ങൾ പ്രസിദ്ധീകരിക്കുന്നു. E-Mail: kssianews@gmail.com, kssiastate@gmail.com



# ലോകത്തെ ക്ഷണിച്ച് കേരളം



സൂരജ് എസ്.

## നിക്ഷേപക സംഗമത്തിന്റെ ഭാഗമായുള്ള റോഡ് ഷോ യു.എ.ഇ. യിൽ

2025 ഫെബ്രുവരി 21, 22 തീയതികളിൽ കൊച്ചി ലുലു ഗ്രാൻഡ് ഹയാത്ത് ബോൾഗാട്ടി ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ നടക്കുന്ന ഇൻവെസ്റ്റ് കേരള ആഗോള ഉച്ചകോടിക്ക് മുന്നോടിയായുള്ള റോഡ് ഷോ യു.എ.ഇ. യിൽ സംഘടിപ്പിച്ചു. മുംബൈ, ചെന്നൈ, ബംഗളൂരു തുടങ്ങി ഇന്ത്യൻ വൻ നഗരങ്ങളിൽ ഇൻവെസ്റ്റ് കേരള ആഗോള ഉച്ചകോടിയുടെ ഭാഗമായുള്ള റോഡ് ഷോകൾ പൂർത്തിയാക്കിയ ശേഷമാണ് ആഗോള തലത്തിൽ മറ്റ് രാജ്യങ്ങളുടെ ശ്രദ്ധ പിടിച്ചു പറ്റുന്ന തരത്തിൽ യു.എ.ഇ. ഉൾപ്പെടെയുള്ള തിരഞ്ഞെടുക്കപ്പെട്ട രാജ്യങ്ങളിൽ റോഡ് ഷോകൾ സംഘടിപ്പിച്ചിരിക്കുന്നത്.

2025 ജനുവരി 14ന് താജ് ദുബായിൽ നടന്ന നിക്ഷേപക റോഡ്ഷോ ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്തു. യു.എ.ഇ. യിലെ ഇന്ത്യൻ അംബാസഡർ സഞ്ജയ് സുധീർ സന്നിഹിതനായിരുന്നു. കേരളത്തിന്റെ വ്യാവസായിക മേഖലയെക്കുറിച്ചുള്ള ദീർഘകാല തെറ്റിദ്ധാരണകളെ തിരുത്തികൊണ്ടും സംസ്ഥാനത്തിന്റെ വ്യാവസായിക നേട്ടങ്ങളുടെ ശ്രദ്ധേയമായ സ്ഥിതിവിവരക്കണക്കുകൾ എടുത്തു കാട്ടിയുമായിരുന്നു ബഹു. മന്ത്രി നിക്ഷേപക സമൂഹത്തെ അഭിസംബോധന ചെയ്തത്.



### അന്താരാഷ്ട്ര നിക്ഷേപക സംഗമം:

## യു.എ.ഇ. പ്രത്യേക സംഘത്തെ അയക്കും

സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര നിക്ഷേപക സംഗമത്തിൽ (ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025) പങ്കെടുക്കുന്നതിന് യു.എ.ഇ. പ്രത്യേക സംഘത്തെ അയക്കും. സംഗമത്തിൽ പങ്കെടുക്കുന്നതിനുള്ള ക്ഷണം യു.എ.ഇ. സ്വീകരിച്ചു. ബഹു. യു.എ.ഇ.







# ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025 യു.എ.ഇ. സാമ്പത്തിക മന്ത്രി അബ്ദുള്ള ബിൻ തൗഖ് അൽ മാരി മുഖ്യ അതിഥി

കേരള സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ഇൻവെസ്റ്റ് കേരള ഗ്ലോബൽ ഉച്ചകോടിയിൽ യു.എ.ഇ. സാമ്പത്തിക മന്ത്രി അബ്ദുള്ള ബിൻ തൗഖ് അൽ മാരി മുഖ്യ അതിഥികളിൽ ഒരാളായി പങ്കെടുക്കും. 2025 ജനുവരി 14ന് യു.എ.ഇ.യിൽ ചേർന്ന യോഗത്തിൽ ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി പി. രാജീവ് കേരളത്തിന്റെ വ്യവസായ വളർച്ചയെ നേരിട്ട് കണ്ടു വിലയിരുത്തുന്നതിനായി അദ്ദേഹത്തെ ക്ഷണിക്കുകയായിരുന്നു. കേരളത്തിന്റെ ക്ഷണം സ്വീകരിച്ച് അദ്ദേഹം



പങ്കെടുക്കുമെന്ന് ഉന്നതതല ഉദ്യോഗസ്ഥർ വ്യക്തമാക്കി. യു.എ.ഇ.യിലെ പ്രമുഖ ബിസിനസ് സ്ഥാപനങ്ങളിൽ നിന്നുള്ള പ്രതിനിധികൾ അടങ്ങുന്ന ഒരു പ്രതിനിധി സംഘവും ബഹു. മന്ത്രിയെ അനുഗമിക്കും.

INVEST KERALA
GLOBAL SUMMIT
FEB 21-22, 2025 | KOCHI

നിക്ഷേപ വകുപ്പ് മന്ത്രി മുഹമ്മദ് ഹസൻ അൽ സുവൈദി, ബഹു. നിയമ വ്യവസായ മന്ത്രി കയർ വകുപ്പ് മന്ത്രി പി. രാജീവുമായി അബുദാബിയിൽ നടത്തിയ കൂടിക്കാഴ്ചയിലാണ് ഇക്കാര്യം അറിയിച്ചത്.

നിക്ഷേപക സംഗമത്തിന് പ്രത്യേക സംഘത്തെ അയക്കുമെന്ന് ബഹു. യു.എ.ഇ. നിക്ഷേപ വകുപ്പ് മന്ത്രി ശ്രീ. മുഹമ്മദ് ഹസൻ അൽ സുവൈദി അറിയിച്ചു. കേരളത്തിൽ ലോജിസ്റ്റിക്സ്, ഭക്ഷ്യ സംസ്കരണം തുടങ്ങിയ മേഖലകളിൽ കൂടുതൽ നിക്ഷേപത്തിന് താൽപര്യമുള്ളതായി അദ്ദേഹം പറഞ്ഞു. നിക്ഷേപ സംഗമത്തിൽ പങ്കെടുക്കുന്ന പ്രത്യേക സംഘം ഇക്കാര്യങ്ങൾ വിലയിരുത്തും. നിക്ഷേപ സംഗമത്തിൽ യു.എ.ഇ. യെ പങ്കാളിത്ത രാഷ്ട്രമാക്കുന്ന കാര്യം പരിഗണനയിലാണെന്നും മന്ത്രിസഭ ഇക്കാര്യം ചർച്ച ചെയ്യുമെന്നും ബഹു. മന്ത്രി പറഞ്ഞു. ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ. യൂസഫലി, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്., കെ.എസ്.ഐ.ഡി.സി. മാനേജിങ് ഡയറക്ടർ എസ്. ഹരികിഷോർ ഐ.എ.എസ്., ഒ.എസ്.ഡി. ആനി ജൂല തോമസ് ഐ.എ.എസ്. തുടങ്ങിയവർ 2025 ജനുവരി 13 ന് യു.എ.ഇ.യിൽ നടന്ന കൂടിക്കാഴ്ചയിൽ പങ്കെടുത്തു.

## അബുദാബി ചേംബർ ഓഫ് കോമേഴ്സും പങ്കാളിത്തം അറിയിക്കും

അബുദാബി ചേംബർ ഓഫ് കോമേഴ്സും നിക്ഷേപക സംഗമത്തിന് പ്രത്യേക സംഘത്തെ അയയ്ക്കും. ചേംബർ



ഓഫ് കോമേഴ്സ് ചെയർമാനും ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക് ഡെവലപ്മെന്റ് തലവനുമായ അഹമ്മദ് ജാസിം, ഫസ്റ്റ് വൈസ് ചെയർമാൻ ഡോ. സഊദ് ബിൻ ഹർമാൽ അൽ ദഹേരി, സെക്കൻഡ് വൈസ് ചെയർമാൻ ഡോ. ഷാമിസ് അലി ഖൽഫാൻ അൽ ദഹേരി എന്നിവർ ബഹു. നിയമ വ്യവസായ മന്ത്രി കയർ വകുപ്പ് മന്ത്രി പി. രാജീവുമായുള്ള കൂടിക്കാഴ്ചയിൽ പങ്കെടുത്തു.

പ്രാഥമിക പരിശോധനകൾക്കായി ചേംബറിന്റെ ഉദ്യോഗസ്ഥ സംഘത്തെ കേരളത്തിലേക്ക് അയയ്ക്കുമെന്ന് ചേംബർ ഓഫ് കോമേഴ്സ് ചെയർമാനും ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക് ഡെവലപ്മെന്റ് തലവനുമായ അഹമ്മദ് ജാസിം അറിയിച്ചു. ലഭ്യമായ സ്ഥലങ്ങൾ പരിശോധിക്കുന്നതിനും നിക്ഷേപ മേഖലകൾ വിലയിരുത്തുന്നതിനുമാണ് ഉദ്യോഗസ്ഥ സംഘത്തെ അയയ്ക്കുന്നത്. ■

**കെ-ബിപ്പ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആണ് ലേഖകൻ**

# കെ.എസ്.എസ്.ഐ.എ. ട്രെയിനിങ്ങ് പ്രോഗ്രാം സംഘടിപ്പിച്ചു

കേരള സ്റ്റേറ്റ് സ്മാൾ ഇൻഡസ്ട്രീസ് അസോസിയേഷൻ സംസ്ഥാന ഭാരവാഹികൾ, ജില്ലാ പ്രസിഡന്റ്, ജില്ലാ സെക്രട്ടറി, ജില്ലാ ട്രഷറർ, കെ.എസ്.എസ്.എഫ്. ട്രസ്റ്റികൾ എന്നിവർക്ക് ഒരു ദിവസത്തെ ട്രെയിനിങ്ങ് പ്രോഗ്രാം വയനാട് ലക്കിടിയിലുള്ള റെയിൻ കൺട്രി റിസോർട്ടിൽ വച്ച് സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീന്റെ അദ്ധ്യക്ഷതയിൽ സംഘടിപ്പിച്ചു. ജനറൽ സെക്രട്ടറി ജോസഫ് പൈകട പരിപാടിയിൽ പങ്കെടുത്ത എല്ലാവർക്കും സ്വാഗതം ആശംസിച്ചു. പ്രശസ്ത മോട്ടിവേറ്റർ ആയ മനോജ് ഗോവിന്ദ് ആണ് ക്ലാസ്സ് നയിച്ചത്. ഡോ. വർഗ്ഗീസ് മൂലൻ ഇംപോർട്ട് എക്സ്പോർട്ട് സെഷനെ സംബന്ധിച്ച് പ്രസ്തുത ട്രെയിനിങ്ങ് പരിപാടിയിൽ ക്ലാസ്സ് എടുക്കുകയുണ്ടായി. മുൻ എം.എൽ.എ. വി.കെ.സി. മമ്മദ് കോയ ഈ പരിപാടിയിൽ മുഖ്യ അതിഥിയായി പങ്കെടുത്ത് മുഖ്യപ്രഭാഷണം നടത്തി.

വയനാട് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ആർ.രമ, തിരുവനന്തപുരം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ എ.എസ്. ഷിറാസ് എന്നിവർ ആശംസാ പ്രസംഗം നടത്തി. കൂടാതെ സംസ്ഥാന കമ്മിറ്റി യോഗവും സംഘടിപ്പിച്ചു. വയനാട് ചൂരൽമല, മുണ്ടക്കയ് എന്നീ സ്ഥലങ്ങളിലുണ്ടായ ഉരുൾപൊട്ടൽ മൂലം നാശനഷ്ടങ്ങൾ സംഭവിച്ചവർക്കുള്ള പുനരധിവാസത്തിനുള്ള ചർച്ച നടക്കുകയും അതിനു വേണ്ടിയുള്ള കാര്യങ്ങൾ തീരുമാനിക്കുകയും ചെയ്തു. ട്രെയിനിങ്ങ് പ്രോഗ്രാമിനുശേഷം ഒരു കൾച്ചറൽ പ്രോഗ്രാമും സംഘടിപ്പിച്ചിരുന്നു. എല്ലാം കൊണ്ടും സംരംഭകർക്ക് അറിവ് പകരുന്നതും, എന്റർടെയ്മെന്റ് തരുന്ന രീതിയിലുള്ളതുമായിരുന്നു പ്രസ്തുത പരിപാടി.

അടുത്ത ദിവസം സംസ്ഥാന കമ്മറ്റി കൂടി സംസ്ഥാന ഓഫീസ് അന്തർദേശീയ തലത്തിൽ ഉയർത്താനുള്ള തീരുമാനം എടുത്തു. സംസ്ഥാന സംഘടന തിരുവനന്തപുരത്ത് വാങ്ങിച്ച റീജിയണൽ ഓഫീസ്സിന്റെ ഉദ്ഘാടനം ഏപ്രിൽ മാസം ആദ്യം ബഹു. കേരള സംസ്ഥാന മുഖ്യമന്ത്രി പിണറായി വിജയനെ കൊണ്ട് നിർവ്വഹിക്കാനുള്ള തീരുമാനവും എടുക്കുകയുണ്ടായി. വയനാട് ജില്ലയുടെ പുരോഗതിയും വികസനവും മുന്നിൽ കണ്ട് കൊണ്ടായിരുന്നു പ്രസ്തുത പരിപാടി സംഘടിപ്പിച്ചത്. എല്ലാതരത്തിലും വളരെയധികം ഗംഭീരവും, പ്രശംസനീയവും ആയിരുന്നു പ്രസ്തുത പരിപാടി.

നോർത്ത് സോൺ വൈസ് പ്രസിഡന്റ് എ.വി. സുനിൽ നാഥ് യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി പറഞ്ഞു.




**സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ അദ്ധ്യക്ഷ പ്രസംഗം നടത്തുന്നു.**




**സംസ്ഥാന ജനറൽ സെക്രട്ടറി ജോസഫ് പൈകട സ്വാഗത പ്രസംഗം നടത്തുന്നു.**












Scan for the initiative of Industries Department in the previous two years.

# വിഴിഞ്ഞം കോൺക്ലേവ് 2025
# ആഗോള നിക്ഷേപങ്ങൾക്കായി തുറമുഖം മിഴിതുറക്കുന്നു



എസ്. ഹരികിഷോർ IAS

കേരളത്തിന്റെ സമുദ്ര വ്യാപാര പൈതൃകത്തിന് ചരിത്ര പ്രസിദ്ധമായ സ്ഥാനം നൽകിയ വിഴിഞ്ഞം തുറമുഖം, അന്താരാഷ്ട്ര ചരക്കുനീക്കത്തിൽ ഭാരതത്തിലെ പ്രമുഖ കേന്ദ്രമായി മാറാനുള്ള കുതിപ്പിലാണ്. കേരളത്തിന്റെ സാമ്പത്തിക രംഗത്ത് വൻ കുതിച്ചുചാട്ടം ഉണ്ടാക്കാനിടയുള്ള പദ്ധതിയായി വിലയിരുത്തുന്ന വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം, മൂന്ന് പതിറ്റാണ്ടുകാലം സംസ്ഥാനം നടത്തിയ കഠിന പ്രയത്നത്തിന്റെ ഫലമായി യാഥാർത്ഥ്യമായി. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡിന്റെ അനുമതിയോടെ അദാനി ഗ്രൂപ്പിന് കീഴിലെ അദാനി പോർട്സ് ആന്റ് സ്പെഷ്യൽ എക്കണോമിക് സോൺ നിർമ്മാണവും മാനേജ്മെന്റ് ചുമതലയും നിർവഹിക്കുന്ന വിഴിഞ്ഞം തുറമുഖത്തിന് ഇന്ത്യയുടെ ആദ്യ ട്രാൻസ്ഷിപ്പ്മെന്റ് തുറമുഖമായി പ്രവർത്തിക്കാനുള്ള അനുമതി കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയത്തിൽ നിന്ന് ലഭിച്ചു. തുടർന്ന് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് നങ്കൂരമിട്ട കണ്ടെയ്നർ കപ്പലിന്റെ ആദ്യ പരീക്ഷണ ഓട്ടം 2024 ജൂലൈ 12ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉത്ഘാടനം ചെയ്തു. കേന്ദ്ര തുറമുഖ, ഷിപ്പിംഗ് വകുപ്പ് മന്ത്രി സർബാനന്ദ സോനോവാൾ മുഖ്യാതിഥിയായ ചടങ്ങിൽ കേന്ദ്ര സംസ്ഥാന മന്ത്രിമാർ, ഉദ്യോഗസ്ഥർ തുടങ്ങി നിരവധി പ്രമുഖർ പങ്കെടുത്തു.

വിഴിഞ്ഞം തുറമുഖത്തിന് പ്രത്യേകതകളേറെയാണ്. ഡ്രെഡ്ജിങ് കൂടാതെ24 മീറ്റർ സ്വാഭാവിക ആഴമുള്ള തുറമുഖമാണ് വിഴിഞ്ഞം. അന്താരാഷ്ട്ര കപ്പൽപ്പാത സ്ഥിതിചെയ്യുന്നത് കേവലം 10 നോട്ടിക്കൽ മൈൽ (19 കിലോമീറ്റർ) അകലെയാണ്. ഇതിലൂടെ അന്താരാഷ്ട്ര ചരക്കു ഗതാഗത രംഗത്ത് വിഴിഞ്ഞത്തിന് പ്രത്യേക പ്രാധാന്യം ലഭിക്കുന്നു. പദ്ധതി പൂർണമായി പ്രവർത്തന സജ്ജമാകുന്നതോടെ ഇന്ത്യയുടെ കടൽ മാർഗ്ഗമുള്ള ചരക്കുനീക്കത്തിന്റെ മുഖ്യ കേന്ദ്രമായി വിഴിഞ്ഞം മാറും. മാത്രമല്ല, 800 മീറ്റർ ബെർത്താണ് വിഴിഞ്ഞത്ത് സജ്ജമാകുന്നത്. ആയതിനാൽ ലോകത്തെ വൻകിട മദർ വെസ്സലുകൾ പോലും വിഴിഞ്ഞത്ത് അടുപ്പിക്കാനാകും. തുറമുഖത്തിന്റെ വരുംകാല പ്രവർത്തനത്തിലൂടെ മികച്ച നികുതി വരുമാനം സംസ്ഥാന സർക്കാരിന് നേടിത്തരുമെന്നതാണ് പദ്ധതിയിൽ നിന്ന് പ്രതീക്ഷിക്കുന്ന പ്രധാന നേട്ടം. നിലവിൽ ഇന്ത്യയുടെ മൊത്തം ഇറക്കുമതി കയറ്റുമതിയുടെ 33 ശതമാനം ഗുജറാത്തിലെ മുന്ദ്ര തുറമുഖം വഴിയാണ്. ഭാവിയിൽ ചരക്കുനീക്കത്തിൽ മുന്ദ്ര തുറമുഖത്തേക്കാൾ നിർണ്ണായകമായ സ്ഥാനം വിഴിഞ്ഞത്തിന് ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ആഗോളമായും പ്രാദേശികമായും വൻ അവസരങ്ങൾ തുറന്നിടുന്ന വിഴിഞ്ഞം തുറമുഖത്തിന്റെ വികസന സാധ്യതകൾ പരിപോഷിപ്പിക്കുക, തുറമുഖത്തെ ആഗോള നിക്ഷേപ ഭൂപടത്തിൽ ഉറപ്പിക്കുക എന്നീ ലക്ഷ്യത്തോടെ ജനുവരി 28, 29 തീയതികളിൽ തിരുവനന്തപുരം ഹയാത്ത് റീജൻസിയിൽ നിക്ഷേപക സംഗമമായ 'വിഴിഞ്ഞം കോൺക്ലേവ് 2025' സംഘടിപ്പിക്കുകയാണ്. കോൺക്ലേവിന്റെ ലോഗോ പ്രകാശനം വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് നിർവഹിച്ചു. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനും (കെ.എസ്.ഐ.ഡി.സി.), തിരുവനന്തപുരം ചേംബർ ഓഫ് കോമേഴ്സ് ആൻഡ് ഇൻഡസ്ട്രീസും (ടി.സി.സി.ഐ.) സഹകരിച്ച് സംഘടിപ്പിക്കുന്ന സംഗമം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. സംസ്ഥാന തുറമുഖ വകുപ്പ് മന്ത്രി വി.എൻ. വാസവൻ, വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് എന്നിവരും ചടങ്ങിൽ പങ്കെടുക്കും. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം ലിമിറ്റഡിന്റെ (വി.ഐ.എസ്.എൽ.)യും ടൂറിസം വകുപ്പിന്റെയും കേരള മാരിടൈം ബോർഡിന്റെയും മികച്ച പിന്തുണയോടെയാണ് കെ.എസ്.ഐ.ഡി.സി. കോൺക്ലേവ് സംഘടിപ്പിക്കുന്നത്. ഫെബ്രുവരി 21, 22 തീയതികളിൽ കൊച്ചിയിൽ നടക്കുന്ന ഇൻവെസ്റ്റ് കേരള ആഗോള നിക്ഷേപക സംഗമത്തിന് (ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025) മുന്നോടിയായാണ് കോൺക്ലേവ് സംഘടിപ്പിക്കുന്നത്.

രാജ്യത്തിനകത്തും പുറത്തുമായി നിരവധി പരിപാടികളാണ് ആഗോള നിക്ഷേപക സംഗമത്തിന് മുന്നോടിയായി വ്യവസായ വകുപ്പ് നടത്തുന്നത്. റൗണ്ട് ടേബിൾ സമ്മേളനങ്ങൾ,





VIZHINJAM CONCLAVE 2025
GLOBAL INVESTMENT SUMMIT
ENGAGE. EMPOWER. ELEVATE.

ഇൻവെസ്റ്റേഴ്സ് കോൺക്ലേവുകൾ, സെക്ടറൽ യോഗങ്ങൾ, റോഡ്ഷോകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. ആയുർവേദ ആൻഡ് ഫാർമസ്യൂട്ടിക്കൽസ്, ഹൈടെക് ഫാമിങ് ആൻഡ് വാല്യൂ ആഡഡ് റബ്ബർ, ടൂറിസം ആൻഡ് ഹോസ്പിറ്റാലിറ്റി, റീട്ടെയിൽ, മാരിടൈം ആൻഡ് ലോജിസ്റ്റിക്സ് തുടങ്ങിയ സെക്ടറുകളിൽ മീറ്റിങ്ങുകളും ചെന്നൈ, ബെംഗളൂരു, മുംബൈ, ഡൽഹി തുടങ്ങി രാജ്യത്തെ പ്രധാന നഗരങ്ങളിൽ റോഡ്ഷോകളും പൂർത്തിയാക്കി. കൂടാതെ ദുബായിയിലും റോഡ്ഷോ നടത്തി. വിഴിഞ്ഞം കോൺക്ലേവിനു പുറമേ 2025 ഫെബ്രുവരി 6ന് തിരുവനന്തപുരത്ത് ഓട്ടോമോട്ടീവ് ടെക്നോളജി സമ്മിറ്റും നടത്തുന്നുണ്ട്. കെ.എസ്.ഐ.ഡി.സി. യും കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രിയും (സി.ഐ.ഐ.) സംയുക്തമായി സംഘടിപ്പിക്കുന്ന കേരള ഓട്ടോമോട്ടീവ് ടെക്നോളജി സമ്മിറ്റിന്റെ (കെ.എ.ടി.എസ്. 2025) ലോഗോ വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് പ്രകാശനം ചെയ്തു. ഓട്ടോമോട്ടീവ് ടെക്നോളജി ഹബ്ബ് എന്ന നിലയിലുള്ള കേരളത്തിന്റെ പ്രസക്തി അടയാളപ്പെടുത്തുകയാണ് സമ്മേളനത്തിന്റെ ലക്ഷ്യം. തിരുവനന്തപുരം കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഡിസ്പേസ്, ആക്സിയ ടെക്നോളജീസ്, ടാറ്റ എൽക്സി, നിസാൻ, ബ്ലൂ ബൈനറീസ്, വിസ്റ്റിയോൺ തുടങ്ങിയ പ്രധാന ഓട്ടോമോട്ടീവ് കമ്പനികൾ പരിപാടിയിൽ പങ്കെടുക്കും.

വിഴിഞ്ഞം കോൺക്ലേവിൽ വിവിധ വിഷയങ്ങളിലുള്ള പാനൽ ചർച്ചകൾ, വ്യവസായ രംഗത്തെ പ്രമുഖർ പങ്കെടുക്കുന്ന ഫയർസൈഡ് ചാറ്റുകൾ, പ്രസന്റേഷനുകൾ എന്നിവ നടക്കും. നിക്ഷേപം നടത്താൻ താൽപര്യപ്പെടുന്നവർക്കും മാർഗ നിർദ്ദേശം നല്കുന്ന സെഷനുകൾ, ബിസിനസ് ലീഡർമാരുമായി പ്രതിനിധികൾക്ക് നേരിട്ട് സംവദിക്കാനുള്ള അവസരം എന്നിവ കോൺക്ലേവിന്റെ പ്രത്യേകതകളാണ്. 300 ലധികം പ്രതിനിധികൾ പങ്കെടുക്കുന്ന സംഗമം തുറമുഖ വാണിജ്യ രംഗത്ത് ഗണ്യമായ സാമ്പത്തിക വളർച്ചയ്ക്കും വികസനത്തിനും വഴിയൊരുക്കും. വിഴിഞ്ഞം തുറമുഖത്തിന്റെ പ്രത്യേകതകളും നേട്ടങ്ങളും വിശദമായി കോൺക്ലേവിൽ അനാവരണം ചെയ്യും. സംസ്ഥാനത്ത് വലിയതോതിൽ നിക്ഷേപം കൊണ്ടുവരുന്നതിനൊപ്പം തുറമുഖം നേരിട്ട് ഒരുക്കുന്നതിന്റെ പതിന്മടങ്ങ് തൊഴിൽ സാധ്യതകളാണ് അനുബന്ധ വ്യവസായങ്ങളിലൂടെ ഉണ്ടാകുക. ഇതേപ്പറ്റി പ്രാദേശിക സമൂഹങ്ങളെ ബോധവൽക്കരിക്കുന്നതിനും എല്ലാവരേയും ഉൾക്കൊള്ളുന്ന പദ്ധതിയാക്കി വിഴിഞ്ഞത്തെ വളർത്തിയെടുക്കുന്നതിനുമുള്ള ശ്രമങ്ങൾക്ക് കോൺക്ലേവ് നാന്ദിയാകും.

വ്യവസായ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കാനുള്ള നടപടികളും പരിഷ്കാരങ്ങളും നടപ്പാക്കുന്നതിൽ കേരളം അതിവേഗം മുന്നേറുകയാണ്. സംസ്ഥാനത്തിന്റെ വ്യവസായ നിക്ഷേപ സാധ്യതകൾ രാജ്യത്തിനകത്തും അന്താരാഷ്ട്ര തലത്തിലും എത്തിക്കാൻ സംസ്ഥാന സർക്കാരിനായിട്ടുണ്ട്. വ്യവസായ രംഗത്ത് വലിയ മുന്നേറ്റങ്ങൾ നടത്താൻ വിവിധ കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് വരികയാണ്. ഇൻവെസ്റ്റ് കേരള ആഗോള നിക്ഷേപക സംഗമത്തിന് മുന്നോടിയായി നടക്കുന്ന കോൺക്ലേവുകൾ സംസ്ഥാനത്തിന് വലിയ പ്രതീക്ഷകളാണ് നൽകുന്നത്. വിഴിഞ്ഞം തുറമുഖത്തിന്റെ വ്യവസായ നിക്ഷേപ സാധ്യതകളുടെയും അനന്തമായ വിപുലീകരണത്തിന്റെയും സൂചകമായ വിഴിഞ്ഞം കോൺക്ലേവ് 2025, കേരളത്തിന്റെ വികസനത്തിന് പുതിയ ദിശയൊരുക്കുന്നതിന് മികച്ച വേദിയാകും. രാജ്യത്തിനകത്തും പുറത്തും നിന്നുള്ള നിക്ഷേപകരെ ഒരു പൊതുവേദിയിൽ ഒന്നിപ്പിച്ചും നൂതന സാധ്യതകൾ ആവിഷ്കരിച്ചും കേരളത്തിന്റെ സാമ്പത്തിക ഭൂപടത്തിൽ വമ്പിച്ച മാറ്റങ്ങൾ സൃഷ്ടിക്കാൻ ഈ സംഗമം സഹായകമാകും. വിഴിഞ്ഞം തുറമുഖത്തിന്റെ പ്രാധാന്യവും നേട്ടങ്ങളും ലോകത്തിന് മുന്നിൽ അവതരിപ്പിക്കാനുള്ള ഈ പ്രയത്നത്തിന് പ്രാദേശികവും ആഗോളവുമായ പിന്തുണ ഉറപ്പാക്കുമ്പോൾ, കേരളം ദക്ഷിണേഷ്യയുടെ വ്യവസായ കവാടമായി മാറുമെന്ന വിശ്വാസമാണ് ഉയരുന്നത്.

**കെ.എസ്.ഐ.ഡി.സി. മാനേജിങ് ഡയറക്ടർ ആണ് ലേഖകൻ**



## നാനോ യൂണിറ്റുകളെ ശാക്തീകരിക്കുന്നതിനും സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കുന്നതിനുമായി കേരളം മാർജിൻ മണി ഗ്രാന്റ് കൊണ്ടുവരുന്നു

സംസ്ഥാനത്തെ ചെറുകിട സംരംഭങ്ങളെ ശാക്തീകരിക്കുന്നതിനും സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ഒരു തകർപ്പൻ സംരംഭമായ നാനോ യൂണിറ്റുകൾക്ക് മാർജിൻ മണി ഗ്രാന്റ് പദ്ധതി കേരളത്തിലെ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് നടപ്പിലാക്കി. നിർമ്മാണം, തൊഴിൽ പ്രവർത്തനങ്ങൾ, മൂല്യവർദ്ധനയിൽ ഏർപ്പെട്ടിരിക്കുന്ന സേവന യൂണിറ്റുകൾ എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകുന്നതിനാണ് ഈ ലോൺ ലിങ്ക്ഡ് പ്രോഗ്രാം രൂപകൽപ്പന ചെയ്തിരിക്കുന്നത്.

സ്കീമിന് കീഴിൽ, 10 ലക്ഷം വരെ പദ്ധതിച്ചെലവുള്ള നാനോ യൂണിറ്റുകൾക്ക് അപേക്ഷകന്റെ വിഭാഗത്തെ അടിസ്ഥാനമാക്കി മൊത്തം പ്രോജക്ട് ചെലവിന്റെ 30% മുതൽ 40% വരെ മാർജിൻ മണി ഗ്രാന്റിന് അർഹതയുണ്ട്. സ്ത്രീകൾ, യുവജനങ്ങൾ (18-40 വയസ്സ്), ഭിന്നശേഷിയുള്ള വ്യക്തികൾ, വിമുക്തഭടന്മാർ, എസ്സി/എസ്ടി സംരംഭകർ എന്നിവയുൾപ്പെടെ പ്രത്യേക വിഭാഗങ്ങൾക്ക് 10% അധിക ഗ്രാന്റിന് അർഹതയുണ്ട്, മൊത്തം ഗ്രാന്റ് യൂണിറ്റിന് 4 ലക്ഷം രൂപയായി പരിമിതപ്പെടുത്തിയിരിക്കുന്നു. സാമ്പത്തിക വളർച്ചയിൽ ലിംഗഭേദം ഉൾക്കൊള്ളാനുള്ള കേരളത്തിന്റെ പ്രതിബദ്ധത പ്രതിഫലിപ്പിക്കുന്ന, പദ്ധതിയുടെ ഗുണഭോക്താക്കളിൽ 30% സ്ത്രീ സംരംഭകരായിരിക്കും.

ഭൂമി, കെട്ടിടം, യന്ത്രസാമഗ്രികൾ, വൈദ്യുതീകരണം, പ്രാഥമിക ചെലവുകൾ തുടങ്ങിയ നിർണായക പ്രോജക്ട് ഘടകങ്ങൾ ഈ സ്കീം ഉൾക്കൊള്ളുന്നു. ഗുണഭോക്താക്കൾ പദ്ധതിച്ചെലവിന്റെ 20% - 30% സംഭാവന നൽകേണ്ടതുണ്ട്, അതേസമയം ധനകാര്യ സ്ഥാപനങ്ങൾ കുറഞ്ഞത് 40% ധനസഹായം നൽകുന്നു.

അപേക്ഷകൾ ഓൺലൈനായോ താലൂക്ക് വ്യവസായ ഓഫീസുകൾ മുഖേനയോ പ്രോജക്ട് റിപ്പോർട്ട്, ഭൂമിയുടെ രേഖകൾ, സാമ്പത്തിക അനുമതി പത്രങ്ങൾ തുടങ്ങിയ അനുബന്ധ രേഖകൾ സഹിതം സമർപ്പിക്കാവുന്നതാണ്. അതത് ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ജനറൽ മാനേജർ അനുമതി നൽകുന്ന അധികാരിയായി പ്രവർത്തിക്കും.

സമഗ്രവും സുസ്ഥിരവുമായ വ്യാവസായിക വളർച്ച ഉറപ്പാക്കിക്കൊണ്ട് കേരളത്തിലെ നാനോ ബിസിനസ്സ് ആവാസവ്യവസ്ഥയിൽ സംരംഭകത്വവും നവീകരണവും പ്രോത്സാഹിപ്പിക്കുന്നതിനുള്ള സുപ്രധാന ചുവടുവയ്പ്പാണ് ഈ സംരംഭം.

വിശദമായ വിവരങ്ങൾക്കും അപേക്ഷാ നടപടിക്രമങ്ങൾക്കും, industry.kerala.gov.in സന്ദർശിക്കുക.

## ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രീയൽ എക്സ്പോ 2026 അങ്കമാലി അഡലക്സ് കൺവെൻഷൻ സെന്ററിൽ വച്ച് സംഘടിപ്പിക്കുന്നു

കെ.എസ്.എസ്.ഐ.എ. യും, മെട്രോ മാർട്ടും സംയുക്തമായി 2026 ജനുവരി 16,17,18 തീയതികളിൽ അങ്കമാലി അഡലക്സ് കൺവെൻഷൻ സെന്ററിൽ വച്ച് നടത്താൻ തീരുമാനിച്ച വിവരം എല്ലാവരേയും അറിയിക്കുന്നു. ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ എക്സ്പോ 2024 ഒരു ചരിത്ര സംഭവമായി മാറി. കേരളത്തിന്റെ വ്യാവസായിക ചരിത്രത്തിൽ തങ്കലിപികളാൽ രേഖപ്പെടുത്തുന്ന രീതിയിലായിരുന്നു ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ എക്സ്പോയുടെ വിജയം. അത്യാധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചിട്ടുള്ള യന്ത്രങ്ങൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ട് നടത്തിയതാണ് ഈ പ്രദർശന മേള. ഇതിലും അതിഗംഭീരമായി ഒരുപാട് മാറ്റങ്ങളോടെയും, പുതിയ പുതിയ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള മെഷിനറികൾക്കും മറ്റും പ്രാമുഖ്യം നല്കി കൊണ്ടായിരിക്കും 2026 ൽ ഈ എക്സ്പോ സംഘടിപ്പിക്കുന്നത്. പ്രസ്തുത എക്സ്പോയ്ക്ക് എല്ലാവരും സഹരിക്കണമെന്ന് അറിയിക്കുന്നു.

# നെയിം: പ്രവാസികൾക്ക് ജോലി നൽകിയാൽ ശമ്പളം സർക്കാർ നൽകും



ടി.എസ്. ചന്ദ്രൻ

പ്രവാസികൾക്ക് ജോലി നൽകുന്ന സ്ഥാപനങ്ങൾക്ക് അവർക്ക് നൽകുന്ന ശമ്പളത്തിന്റെ ഒരു വിഹിതം സർക്കാർ വഹിക്കുന്ന പുതിയ പദ്ധതി നിലവിൽ വന്നിരിക്കുന്നു. സംസ്ഥാന സർക്കാർ സ്ഥാപനമായ നോർക്ക റൂട്ട്സ് വഴിയാണ് പദ്ധതി നടപ്പാക്കുന്നത്. നോർക്കാ അസിസ്റ്റഡ് & മൊബിലൈസ്ഡ് എംപ്ലോയ്മെന്റ് അഥവാ നെയിം (NAME) എന്നാണ് ഈ പുതിയ പദ്ധതിയുടെ പേര്.

### നൂറു ദിവസത്തെ വേതനം സർക്കാർ നൽകും

തിരിച്ചെത്തിയ പ്രവാസി കേരളീയർക്ക് നാട്ടിലെ സംരംഭങ്ങളിൽ തൊഴിൽ ലഭ്യമാക്കുന്നതിന് ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ നോർക്ക റൂട്ട്സ് മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് നെയിം. നോർക്ക റൂട്ട്സ് ലിസ്റ്റ് ചെയ്യുന്ന ഉദ്യോഗാർത്ഥികളിൽ നിന്നും തിരഞ്ഞെടുക്കുന്ന പ്രവാസി കേരളീയരെ നിയമിക്കുന്ന തൊഴിലുടമയ്ക്ക് (എംപ്ലോയർ) പ്രതിവർഷം പരമാവധി 100 തൊഴിൽ ദിനങ്ങളിലെ ശമ്പള വിഹിതം (വേജ് കോമ്പൻസേഷൻ) ഈ പദ്ധതി വഴി സർക്കാർ നൽകും. പ്രതിദിനം പരമാവധി 400 രൂപയാണ് നൽകുക. ഇത് 100 ദിവസം വരെ ലഭിക്കും. അതുപോലെ ഒരു സ്ഥാപനത്തിൽ പരമാവധി 50 തൊഴിലാളികൾക്ക് ഇപ്രകാരം വേജ് കോമ്പൻസേഷൻ ലഭിക്കും.

### എല്ലാ സ്ഥാപനങ്ങൾക്കും കിട്ടും

സഹകരണ സ്ഥാപനങ്ങൾ, എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് (ഇ.എസ്.ഐ), എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് (ഇ.പി.എഫ്.), ഉദ്യം, രജിസ്ട്രേഷനുള്ള സ്വകാര്യ / പബ്ലിക് ലിമിറ്റഡ് / എൽ.എൽ.പി കമ്പനികൾ, അംഗീകൃത സ്റ്റാർട്ടപ്പുകൾ എന്നിവയ്ക്ക് അർഹത. ഓട്ടോമൊബൈൽ, കൺസ്ട്രക്ഷൻ, ഹോസ്പിറ്റാലിറ്റി മേഖലകളിലെ സംരംഭങ്ങൾക്കാണ് പദ്ധതിയുടെ തുടക്കത്തിൽ ആനുകൂല്യം ലഭ്യമാക്കുക.

### തൊഴിലാളികളുടെ യോഗ്യതകൾ

- കുടുംബ വാർഷിക വരുമാനം 3 ലക്ഷം രൂപയിൽ അധികരിക്കരുത്.
- നോർക്ക റൂട്ട്സിന്റെ അംഗീകാരം ലഭിക്കുന്ന സ്ഥാപനങ്ങൾക്കും തൊഴിലാളികൾക്കും പദ്ധതിയുടെ ആനുകൂല്യം ലഭിക്കും.
- ജീവനക്കാരുടെ വ്യക്തിഗത ബാങ്ക് അക്കൗണ്ടുകളിലേക്ക് വേതനം കൈമാറുന്ന തൊഴിൽ ഉടമകൾക്കു മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ.
- രണ്ടു വർഷത്തെ പ്രവാസ ജീവനം ഉണ്ടായിരിക്കണം.
- തൊഴിൽ വിസയില്ലാത്ത അല്ലെങ്കിൽ തിരികെ എത്തിയിട്ട് ആറു മാസം കഴിഞ്ഞവരെയാണ് തിരികെ വരുന്ന പ്രവാസികളായി കണക്കാക്കുന്നത്.
- പ്രായം 25 വയസ്സിനും 70 വയസ്സിനും മധ്യേ.
- വിദ്യാഭ്യാസ യോഗ്യത മാനദണ്ഡങ്ങൾ ബാധകമല്ല. എങ്കിലും തൊഴിലിന്റെ സ്വഭാവം അനുസരിച്ച് യോഗ്യത ഉണ്ടായിരിക്കണം.
- പ്രവാസികളുടെ സഹകരണ സംഘങ്ങൾ നടത്തുന്ന സ്ഥാപനങ്ങൾ ആണെങ്കിൽ അത്തരം സ്ഥാപനങ്ങളിൽ 90% അംഗങ്ങൾ പ്രവാസി മലയാളികൾ ആയിരിക്കണം.

### തൊഴിൽ ദാതാക്കൾ രജിസ്റ്റർ ചെയ്യണം

ഇതുപ്രകാരം ആനുകൂല്യങ്ങൾ ലഭിക്കണമെങ്കിൽ തൊഴിൽ ദാതാവ് നോർക്ക റൂട്ട്സിന്റെ സൈറ്റിൽ കയറി രജിസ്ട്രേഷൻ എടുക്കുക എന്നുള്ളതാണ് ആദ്യ നടപടി. തുടർന്ന് മേൽപ്പറഞ്ഞ നിബന്ധനകൾ പൂർത്തിയാക്കി ത്രൈമാസമായി ക്ലെയിം സമർപ്പിക്കാം. ഓരോ കോർട്ടറിലും 25 ദിവസം എന്ന രീതിയിലായിരിക്കും വേജ് കോമ്പൻസേഷൻ വിതരണം ചെയ്യുക.

അപേക്ഷാഫോറത്തിനും വിശദവിവരങ്ങൾക്കും www.norkaroots.org വെബ്സൈറ്റ് സന്ദർശിക്കുകയോ 0471 2770523 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യാവുന്നതാണ്.

പ്രവാസികളുടെ തൊഴിൽ നൈപുണ്യവും അനുഭവ പരിചയവും സംരംഭങ്ങൾക്ക് പ്രയോജനകരമാകുന്നതിനൊപ്പം തിരികെ എത്തിയ പ്രവാസികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് തൊഴിൽ ദാതാക്കൾക്ക് പ്രോത്സാഹനം നൽകുന്ന ഒരുപദ്ധതിയാണ് ഇത്.

പ്രവാസി പുനരധിവാസത്തിനായുള്ള നോർക്കാ റൂട്ട്സിന്റെ എൻ.ഡി.പി.ആർ.ഇ.എം, പ്രവാസി ഭദ്രത എന്നീ സംരംഭകത്വ വികസന പദ്ധതികൾക്കു പുറമേയാണ് നെയിം പദ്ധതി നടപ്പിലാക്കുന്നത്. ഇതു സംബന്ധിച്ച സർക്കാർ ഉത്തരവ് പുറത്തിറങ്ങിയത് ഒക്ടോബർ 28 നാണ്.■

**സംസ്ഥാന വ്യവസായ വകുപ്പ് മുൻ ഡെപ്യൂട്ടി ഡയറക്ടർ ആണ് ലേഖകൻ.**

# സംരംഭക സഭ യോഗങ്ങളിൽ ജില്ലാ പ്രതിനിധികൾ പങ്കെടുത്തു

കേരള സർക്കാർ സംസ്ഥാനത്തെ ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്ക് എല്ലാവിധ പിന്തുണയും, പ്രോത്സാഹനവും നൽകി 2022-23 സംരംഭക വർഷം വൻ വിജയമാക്കി മുന്നേറികൊണ്ടിരിക്കുന്ന ഈ സമയത്ത് വ്യവസായികളുടെ വ്യവസായ സംബന്ധമായ പലവിധ പ്രശ്നങ്ങൾ അവതരിപ്പിക്കാനും പരിഹരിക്കാനും സംരംഭക സഭ പോലുള്ള കമ്മിറ്റി രൂപികരിച്ചതിൽ അതിയായ സന്തോഷമുണ്ട്. ഇത് എല്ലാ വ്യവസായ സംരംഭകർക്കും വളരെയധികം ഗുണം ചെയ്യും. ഇപ്പോൾ പല ജില്ലകളിലും സംരംഭക സഭ യോഗങ്ങൾ കൂടുകയുണ്ടായി. ഇതുവഴി സംരംഭകർക്ക് പല കാര്യങ്ങളിലും തീരുമാനങ്ങളും, നിർദ്ദേശങ്ങളും ലോൺ സംബന്ധമായിട്ടുള്ള കാര്യങ്ങളും അങ്ങനെയുള്ള ഒരുപാട് അറിവ് നേടാൻ സാധിക്കുന്നുണ്ട്. എറണാകുളം, കാസർഗോഡ്, ആലപ്പുഴ, കൊല്ലം, കോഴിക്കോട് അങ്ങനെ മിക്ക ജില്ലകളിൽ നിന്നുമുള്ള കെ.എസ്.എസ്.ഐ.എ. പ്രതിനിധികൾ സംരംഭക സഭകളിൽ പങ്കെടുക്കുകയും വ്യവസായ സംബന്ധമായ പല കാര്യങ്ങൾ സംസാരിച്ച് ചർച്ചകൾ ചെയ്യുകയും ചെയ്തു. ഇനിയും ഇത് പോലുള്ള സമിതികൾ രൂപപ്പെടാനും അതിൽ പ്രതിനിധികൾക്ക് പങ്കെടുത്ത് വ്യവസായ സംബന്ധമായ കാര്യങ്ങൾ പരിഹരിക്കാനും സാധിക്കട്ടെ.
















സംരംഭകസഭ








കുലശേഖരപുരം ഗ്രാമപഞ്ചായത്ത്









# ഇനി കേരളത്തിൽ ഭൂമി വാങ്ങാനും വിൽക്കാനും പുതിയ നടപടിക്രമം

ഡിജിറ്റൽ റീസർവേ പൂർത്തിയായ വില്ലേജുകളിൽ ഇനി ഭൂമി വാങ്ങാനും വിൽക്കാനും 'എന്റെ ഭൂമി' പോർട്ടൽ വഴി അപേക്ഷിക്കണം. ഭൂമി വിൽക്കുമ്പോൾത്തന്നെ നിലവിലെ ഉടമസ്ഥനിൽനിന്ന് പുതിയ ഉടമയിലേക്ക് 'പോക്കുവരവ്' നടത്തുന്ന തരത്തിൽ സംവിധാനവും നിലവിൽവരും. ഭൂമിയുടെ പ്രീമ്യൂട്ടേഷൻ സ്കെച്ച് ഉണ്ടെങ്കിലേ ഇനി ഭൂമി വിൽക്കാനാകൂ. ഉടമസ്ഥത കൈമാറുന്ന ഭൂമിയുടെ വിസ്തീർണ വ്യത്യാസമനുസരിച്ച് സർവേ സ്കെച്ചിലും മാറ്റം വരുന്നതിനാൽ വില്ലേജുകളിലേക്ക് 'പോക്കുവരവി'നായി പ്രത്യേകം അപേക്ഷിക്കേണ്ടതില്ല. സർവേ സ്കെച്ചിൽ തണ്ടപ്പേർ വിവരങ്ങളും രേഖപ്പെടുത്തിയിരിക്കും. ഭൂനികുതി അടച്ച രസീതുകളിൽ 'കരം അടച്ചതിനുള്ള രേഖ മാത്രം' എന്നും ഇനിമുതൽ രേഖപ്പെടുത്തും. ഇതുൾപ്പെടെ ഡിജിറ്റൽ സർവേ ചെയ്ത ഭൂമിയിൽ നികുതി അടയ്ക്കാനും ഭൂമി കൈമാറാനും ഉള്ള മാറ്റങ്ങൾ വ്യക്തമാക്കി റവന്യൂ വകുപ്പ് മാർഗനിർദേശങ്ങൾ പുറത്തിറക്കി. ഡിജിറ്റൽ സർവേ പൂർത്തിയായ വില്ലേജുകളിൽ നികുതി സ്വീകരിക്കുന്നത് ഡിജിറ്റൽ ബേസിക് ടാക്സ് രജിസ്റ്റർ അടിസ്ഥാനമാക്കിയാകും. ഇതിനുമുന്നോടിയായി 'എന്റെ ഭൂമി' പോർട്ടൽ വഴി അപേക്ഷിക്കുമ്പോൾ വില്ലേജ് ഓഫിസർ രേഖകളുടെ ഒറ്റത്തവണ പരിശോധന പോർട്ടലിലൂടെ പൂർത്തിയാക്കി നികുതി രസീത് അനുവദിക്കും.ഓൺലൈനായി ലഭിക്കുന്ന നികുതി രസീതിൽ പഴയതും പുതിയതുമായ സർവേ അല്ലെങ്കിൽ റീസർവേ നമ്പറുകൾ ഉണ്ടാകുമെന്നതിനാൽ ഉടമസ്ഥനും ബാങ്ക് ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങൾക്കും മറ്റുകക്ഷികൾക്കും പരിശോധിക്കാനാകും.

## ഡിജിറ്റൽ രേഖകളിലെ വിസ്തൃതിക്ക് അനുസരിച്ച് നികുതി

ഡിജിറ്റൽ സർവേ രേഖകളിൽ പറയുന്ന വിസ്തൃതിക്ക് അനുസരിച്ച് ഇനി മുതൽ ഭൂനികുതിയടയ്ക്കാം. സർവേ രേഖകളിൽ പരാതിയുള്ളവർക്ക് ഡിജിറ്റൽ ലാൻഡ് റെക്കോർഡ്സ് മാനേജ്മെന്റ് വഴി ഓൺലൈനായി രജിസ്റ്റർ ചെയ്യാം. നിലവിൽ കാസർഗോഡ് ജില്ലയിലെ ഗുജ്ജാർ വില്ലേജിൽ മാത്രമാണ് പൈലറ്റ് പദ്ധതിയായി ഡിജിറ്റൽ സർവേ പൂർത്തിയായത്. 150 വില്ലേജുകളിൽ പദ്ധതി പൂർത്തിയായി ഉടൻ വിജ്ഞാപനം വരുമെന്ന് റവന്യൂ വകുപ്പ് അറിയിച്ചു. നിറം നോക്കി ഭൂമി വാങ്ങാം, ഭൂമി വിൽക്കുന്നതിനായി അപേക്ഷിക്കുമ്പോൾ ഭൂരേഖകളെ കുറിച്ചുള്ള പരാതികൾ മനസ്സിലാക്കാൻ സർവേ സ്കെച്ചിൽ ഇനി 3 നിറങ്ങളിലെ കോഡുകൾ ഉണ്ടാകും. ഡി.ബി.ടി.ആർ., ഡി. തണ്ടപ്പേർ രജിസ്റ്റർ എന്നിവയിൽ ഉടമസ്ഥന്റെ പേരിലും വിലാസത്തിലുമുള്ള അക്ഷരതെറ്റുകൾ സംബന്ധിച്ച പരാതിയാണെങ്കിൽ പച്ചനിറം. ഇത് പരിശോധിച്ച് വില്ലേജ് ഓഫിസർക്ക് തിരുത്താം. ഉടമസ്ഥത സംബന്ധിച്ചോ വിസ്തീർണം സംബന്ധിച്ചോ പരാതികളുള്ളവയാണ് മഞ്ഞ നിറത്തിലുള്ള സ്കെച്ച്.  സർക്കാർ ഭൂമിയുമായി അതിരു പങ്കിടുന്നതിനാൽ പരാതിയുള്ളവയാണ് ചുവപ്പു നിറത്തിലുള്ളവ, മഞ്ഞയിലും ചുവപ്പിലുമുള്ള ഭൂമിയുടെ പ്രീമ്യൂട്ടേഷൻ സ്കെച്ച് അനുവദിക്കുമ്പോൾ 'പരാതികൾ ഉള്ളതിനാൽ സ്കെച്ചിൽ മാറ്റം വന്നേക്കാം' എന്നു വാട്ടർമാർക്ക് ചെയ്യും.■






# തുരുമ്പിനെ തുരത്താൻ
# ആംകോസ് ആംപോക്സി

+91 94960 96010, 1800 425 6010 (Toll Free)

info@amcospaints.com

AMCOS XL PAINTS (INDIA) PVT. LTD. (An ISO 9001 - 2015 Certified Company)

KSSIA NEWS
Journal of The Kerala State Small Industries Association
Registered: Postal Regn. No. KL/EKM/767/2023-25
Licensed to Post without Pre-payment KL/CR/EKM/WPP-3/2023-25
Price ₹ 5.00




Printed and Published by **K.P. Ramachandran Nair** on behalf of The Kerala State Small Industries Association (KSSIA), X/26 A, HMT Industrial Estate, HMT Colony P.O., Kalamassery - 683 503, Phone: 94963 60300, Email: kssiastate@gmail.com, and Printed at Rajsree Industrial Printer, Edayar, Muppathadam, Ernakulam. Ph: 98957 03837 on behalf of Niseema Printers, Kalamassery and published at HMT Industrial Estate, Kalamassery, Ernakulam District. Editor: S. Salim.